കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഇരിങ്ങാലക്കുട നഗരസഭ
# ഓഡിറ്റ് റിപ്പോർട്ട്
**2018-19**


## ജില്ലാ ഓഡിറ്റ് കാര്യാലയം,
## തൃശൂർ

**e-mail:dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(എം)321/2020

ചേർത്തകേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശൂർ-20
ഇ.മെയിൽ:- dotsr.ksad@kerala.gov.in
ഫോൺ - 0487 2331249
തീയതി: 25.06.2020

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
ഇരിങ്ങാലക്കുട നഗരസഭ.

സർ,

വിഷയം :ഇരിങ്ങാലക്കുട നഗരസഭ - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ നഗരപാലികാനിയമം നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിങ്ങാലക്കുട നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)- ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ 1-16, 1-21, 1-25, 1-29, 1-32, 1-33, 1-39, 1-40 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, കേരളാ മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ.

പകർപ്പ് :
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം)
4) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(എം)321/2020 തിയ്യതി : 25.06.2020

**(1994ലെ കേരളാ നഗരപാലികാ നിയമം - വകുപ്പ് 295(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ ഇരിങ്ങാലക്കുട നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.4.2018 മുതൽ 31.3.2019 വരെയുള്ള മാസങ്ങളിൽ വിവിധ ഇനങ്ങളിലായി നഗരസഭ നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും 2018-19 സാമ്പത്തിക വർഷം വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയ പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് എൻക്വയറികൾക്ക് ലഭിച്ച മറുപടികൾ പരിഗണിച്ച ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | രാജഗോപാലൻ സി , ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.01.2020 മുതൽ 18.01.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ലിസി ടി.ജെ ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീ.റഫി ജോൺ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീ. സിജു പി ഡാംസൺ, അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.വിദ്യ വിക്രമൻ അസി.ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | ശ്രീമതി.വിദ്യ ഒ.കെ, ഓഡിറ്റർ |
| | ശ്രീ.ജോയ്സൺ സി.ജെ, ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| ചെയർപേഴ്സൺ | ശ്രീമതി.നിമ്യ ഷിജു | 01.04.2018മുതൽ 31.3.2019 വരെ |
| മുനിസിപ്പൽ സെക്രട്ടറി | ശ്രീ.ഒ.എൻ.അജിത്കുമാർ (ഇൻ ചാർജ്ജ്) | 01.04.2018മുതൽ 31.05.2018വരെ |
| | കെ.എസ്.അൻവർഹുസൈൻ (ഇൻ ചാർജ്ജ്) | 01.06.2018മുതൽ 05.07.2018വരെ |
| | കെ.എസ്.അരുൺ | 06.07.2018മുതൽ 31.03.2019 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| മുനിസിപ്പൽ എഞ്ചിനീയർ | ജുവൈന പി ഖാൻ | 01.04.18 മുതൽ 30.05.18 വരെ |
| | വിവരങ്ങൾ ലഭ്യമല്ല | 31.05.18 മുതൽ 01.07.18 വരെ |
| | മഞ്ജു.ആർ.വി | 02.07.18 മുതൽ 20.08.18 വരെ |
| | ജോസ്.എച്ച്.ഹോൺസ് | 20.08.18 മുതൽ 31.03.19 വരെ |
| ഹെൽത്ത് സൂപ്പർവൈസർ | മുഹമ്മദ് കുട്ടി.എം | 01.04.18 മുതൽ 17.07.18 വരെ |
| | ആർ.സജീവ് | 18.07.18 മുതൽ 31.03.19 വരെ |
| പ്രോജക്ട് ഓഫീസർ, യു.പി.എ. സെൽ | മുഹമ്മദ് കുട്ടി.എം | 01.04.18 മുതൽ 17.07.18 വരെ |
| | ആർ.സജീവ് | 18.07.18 മുതൽ 31.03.19 വരെ |
| സീനിയർ വെറ്ററിനറി സർജൻ, വെറ്ററിനറി പോളി ക്ലിനിക്ക്, ഇരിങ്ങാലക്കുട | ഡോ.ടി.എ.ബാബുരാജ് | 01.04.18 മുതൽ 31.03.19 വരെ |
| പ്രിൻസിപ്പൽ, ഗവ. ബോയ്സ് എച്ച്.എസ്.എസ് | ശ്രീ.സുധീർ.എം (ചാർജ്ജ്) | 01.04.18 മുതൽ 28.05.18വരെ |
| | കൃഷ്ണനുണ്ണി | 28.05.18 മുതൽ 31.03.19 വരെ |
| ഹെഡ്മാസ്ററർ, ഗവ. മോഡൽ ബോയ്സ് എച്ച്.എസ്.എസ് | ശ്രീമതി.ഉഷ.സി.കെ | 01.04.18 മുതൽ 31.03.19 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.പ്രവീൺ.സി.ജി | 01.04.18 മുതൽ 31.03.19 വരെ |
| പ്രിൻസിപ്പൽ, ഗവ. ബോയ്സ്, വി.എച്ച്.എസ്.ഇ | ശ്രീമതി.രമ്യ ജോസഫ് | 01.04.18 മുതൽ 31.3.19 വരെ |
| | | |

| | | |
|---|---|---|
| ഹെഡ്മിസ്ട്രസ്സ് ജി.എൽ.പി.എസ്, മുകുന്ദപുരം | ശ്രീമതി.ലിസ്സി.ടി.എ | 01.04.18 മുതൽ 31.05.18 വരെ |
| | ശ്രീമതി.ഷീല.പി.എ | 01.06.18 മുതൽ 22.07.18 വരെ |
| | ശ്രീ.ജോർജ്ജ്.സി.ജെ. | 23.07.18 മുതൽ 31.03.19 വരെ |
| സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ | ഡോ.മിനിമോൾ.എ.എ. | 01.04.18 മുതൽ 31.03.19 വരെ |
| ഹെഡ്മിസ്ട്രസ്, ഗവ.ഗേൾസ് എൽ.പി.എസ്, ഇരിങ്ങാലക്കുട | ശ്രീമതി.ലാജി വർക്കി.കെ | 01.04.18 മുതൽ 31.03.19 വരെ |
| പ്രിൻസിപ്പൽ, ഗവ.മോഡൽ ഗേൾസ് എച്ച്.എച്ച്.എസ് | ശ്രീമതി.പ്യാരിജ.എം | 01.04.18 മുതൽ 31.03.19 വരെ |
| പ്രിൻസിപ്പൽ, വി.എച്ച്.എസ്.ഇ. (ഗേൾസ്) | ശ്രീമതി.ഹേന.കെ.ആർ | 01.04.18 മുതൽ 31.03.19 വരെ |
| ഹെഡ്മിസ്ട്രസ്, ഗവ.ഗേൾസ് ഹൈസ്കൂൾ | ശ്രീമതി.രമണി.ടി.വി | 01.04.18 മുതൽ 31.03.19 വരെ |
| എസ്.പി.കെ.സി.എം.എം. ജി.എൽ.പി.എസ്& യു.പി.എസ്, മാടായിക്കോണം | ശ്രീമതി.കനകവല്ലി.വി.ആർ | 01.04.18 മുതൽ 31.03.19 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീ.ഷാബു.ടി.ആർ | 01.04.18 മുതൽ 03.06.18 വരെ |
| | ശ്രീ.ഹരീഷ് | 04.06.18 മുതൽ 18.12.18 വരെ |
| | ലഭ്യമല്ല | 19.12.18 മുതൽ 27.02.19 വരെ |
| | ശ്രീമതി.ദിജി | 28.02.19 മുതൽ 31.03.19 വരെ |
| വെറ്ററിനറി സർജൻ, വെറ്റിനറി ഡിസ്പെൻസറി, കരുവന്നൂർ | ഡോ.കിരൺ മേനോൻ | 01.04.18 മുതൽ 31.03.19 വരെ |
| അഗ്രികൾച്ചറൽ ഓഫീസർ, പൊറത്തിശ്ശേരി | ശ്രീ.വി.വി.സുരേഷ് | 01.04.18 മുതൽ 31.03.19 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി | ഡോ.പ്രതിഭ.കെ.സി | 01.04.18ANമുതൽ 31.03.19 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഷമീന.പി.എ | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദഡിസ്പെൻസറി, കരുവന്നൂർ പൊറത്തിശ്ശേരി | ഡോ.ലിജ ജേക്കബ്.എം | 01.04.18 മുതൽ 31.03.19 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ, ഗവ.ആയുർവ്വേദ ആശുപത്രി, ഇരിങ്ങാലക്കുട | ഡോ.പ്രീതി ജോസ് | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., പൊറത്തിശ്ശേരി | ഡോ.ബിനു.കെ.എം | 01.04.18 മുതൽ 31.03.19 വരെ |

| | | |
|---|---|---|
| വ്യവസായ വികസന ഓഫീസർ | വിവരങ്ങൾ ലഭ്യമാക്കിയില്ല | |

**ഉള്ളടക്കം**


| ക്രമ നമ്പർ | ഖണ്ഡിക | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം – 1 | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽനികുതി-അപാകതകൾ | 1-12 |
| 13 | ഡി & ഒ ലൈസൻസ്-അപാകതകൾ | 1-13 |
| 14 | വളർത്തുനായ്ക്കൾക്കുള്ള ലൈസൻസ് നൽകൽ- നഗരസഭയുടെ അനിവാര്യ ചുമതല നിർവ്വഹിക്കേണ്ടതാണ്. | 1-14 |
| 15 | കെട്ടിട നിർമ്മാണാനുമതി, വസ്തുനികുതി നിർണ്ണയം അപാകതകൾ | 1-15 |
| 16 | അനധികൃതമായി പ്രവർത്തിച്ചു വരുന്ന മൊബൈൽ ടവറുകൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-16 |
| 17 | മൊബൈൽ വസ്തുനികുതി കുടിശ്ശിക | 1-17 |
| 18 | അനധികൃത ഒ.എഫ്.സി സ്ഥാപിക്കൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-18 |
| 19 | വസ്തുനികുതി കുടിശ്ശിക കൃത്യമാക്കേണ്ടതാണ് | 1-19 |
| 20 | വാടക – ഒഴിഞ്ഞുകിടക്കുന്ന കെട്ടിടമുറികൾ ലേലം ചെയ്യേണ്ടതും കുടിശ്ശികയുള്ളവ പിരിച്ചെടുക്കേണ്ടതുമാണ് | 1-20 |
| 21 | ലേലനടപടികൾ സുതാര്യമാക്കേണ്ടതാണ് | 1-21 |
| 22 | നഗരസഭയുടെ കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല – ആയവ പ്രവർത്തനക്ഷമമാക്കി | 1-22 |

| | | |
|---|---|---|
| | പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കേണ്ടതാണ് | |
| 23 | താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ മുഴുവൻ ലഭ്യമായില്ല | 1-23 |
| 24 | പ്രോജക്റ്റ് നടപ്പാക്കുന്നതിൽ കാലതാമസം-ലാപ് ടോപ്പ് വിതരണം -2017-18 ലേയും 2018-19 ലേയും ഗുണഭോക്താക്കളായുള്ള വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്തത് മാർച്ച് 2019 ൽ. | 1-24 |
| 25 | വിദ്യാർത്ഥികൾക്ക് സ്റ്റഡി റൂം- പദ്ധതി നടത്തിപ്പിലെ അപാകതകൾ-7,50,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-25 |
| 26 | ബിരുദ ബിരുദാനന്തര പ്രൊഫഷണൽ വിദ്യഭ്യാസത്തിന് ധനസഹായം- അധികമായി അനുവദിച്ച 5000/- രൂപ നിരാകരിക്കുന്നു. | 1-26 |
| 27 | സിഡ്കോയുടെ ഉത്പന്നമല്ലാത്ത "Ocean water tank” ടെണ്ടർ കൂടാതെ സിഡ്കോ യിൽ നിന്ന് നേരിട്ട് വാങ്ങി. | 1-27 |
| 28 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-കരാർ വ്യവസ്ഥകളിൽ അവ്യക്തത-ചെയ്ത പ്രവൃത്തി കണക്കാക്കാതെ തുക നല്കി-43,96,431/- രൂപ തടസ്സപ്പെടുത്തുന്നു. | 1-28 |
| 29 | വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല | 1-29 |
| 30 | പൊതുവിഭാഗം ഫണ്ട്-എസ് സി വിഭാഗം ഫണ്ട്- ഒരു ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു-തുക വക മാറ്റുന്നത് ഒഴിവാക്കാൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-30 |
| 31 | സാങ്കേതികാനുമതി ഇല്ലാതെയും കരാറിലേർപ്പെടാതെയും ഡെപ്പോസിറ്റ് വർക്ക്-നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല-30,00,000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-31 |
| 32 | സേവനനികുതിയിനത്തിൽ പിഴ അടവാക്കിയതിനാൽ നഗരസഭയ്ക്ക് നഷ്ടം | 1-32 |
| 33 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല | 1-33 |
| 34 | ക്രിമിറ്റോറിയം-നടപ്പിലാകാത്ത പദ്ധതി | 1-34 |
| 35 | നഗരസഭ വാഹനം ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല | 1-35 |
| 36 | സെൻട്രൽ പെൻഷൻ ഫണ്ട് | 1-36 |
| 37 | വെള്ളക്കരം-സംയുക്തപരിശോധന | 1-37 |
| 38 | സോളാർ പവ്വർ പ്ലാന്റ് പ്രവർത്തനരഹിതം | 1-38 |

| | | |
|---|---|---|
| 39 | മരാമത്ത് പ്രവൃത്തികളുടെ പരിശോധന - അപാകങ്ങൾ | 1-39 |
| 40 | മരാമത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ പ്രവർത്തനം - ഒരു അവലോകനം | 1-40 |
| 41 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ വർഷങ്ങളായി പദ്ധതി നടപ്പാക്കാതെയും,നടപ്പാക്കിയ തൻവർഷം നാമ മാത്ര പദ്ധതികൾ മാത്രമേ നടപ്പാക്കിയിട്ടുള്ളു -തൻ വർഷം നിർവ്വഹണം നടത്തിയ പദ്ധതികളുടെ അപാകതകൾ ചുവടെ ചേർക്കുന്നു | 1-41 |
| 42 | പ്രവൃത്തിമൂല്യം കണക്കാക്കാതെ എസ്റ്റിമേറ്റ് തുക കുറവ് ചെയ്തു | 1-42 |
| 43 | IHSDPപദ്ധതി-നഗരസഭ വിഹിതം തിരികെ അടവാക്കിയില്ല | 1-43 |
| 44 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി-അവലോകനം | 1-44 |
| ഭാഗം – 2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 45 | വാടക ഈടാക്കിയതിൽ കുറവ് – 6900/- രൂപ നഷ്ടം | 2-1 |
| ഭാഗം – 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 46 | ബിരുദ ബിരുദാനന്തര പ്രൊഫഷണൽ വിദ്യഭ്യാസത്തിന് ധനസഹായം-അധികമായി അനുവദിച്ച 5000/- രൂപ നിരാകരിക്കുന്നു. | 3-1 |
| ഭാഗം – 4 | | |
| 47 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 48 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 49 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 50 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 51 | വായ്പാ/വായ്പാ തിരിച്ചടവ് | 4-5 |
| 52 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 53 | ഓഡിറ്റ് റിക്കവറി | 4-7 |
| 54 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം | 4-8 |
| 55 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ | 4-9 |

| | | |
|---|---|---|
| | വിവരം | |
| 56 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 57 | തീർപ്പാക്കൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 58 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 59 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 08.02.2019 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പ്രതീക്ഷിത വരവ് ₹61,56,39,350/- രൂപയും പ്രതീക്ഷിത ചെലവ് ₹58,92,30,480/- രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിച്ച് സമർപ്പിച്ച തീയതി |
|---|---|---|
| 31.07.2019 | 30.07.2019 | 22.08.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹ 5,12,46,105.41 |
| വരവ് | ₹ 42,01,95,566 |
| ആകെ | ₹ 47,14,41,671.41 |
| ചെലവ് | ₹ 37,37,79,886 |
| നീക്കിയിരിപ്പ് | ₹ 97661785.41 |

## 1-4 ഫണ്ട് വിനിയോഗം

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 57949350 | 57949350 | 48801533 | 9147817 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 29992000 | 29992000 | 21924235 | 8067765 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 45402000 | 45402000 | 43933637 | 1468363 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 12186000 | 12186000 | 10714790 | 1471210 |
| സെൻട്രൽ | 0 | 78432408 | 78432408 | 35012032 | 43420376 |

| | | | | | |
|---|---|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 483 | 289132973 | 336 | 161819222 | - | 147 | 70% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ+ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 1970358.86 (431666) | 5000000 (Interest – 106814.12) (23955) =5106814.12 | 7077172.98 | 4800344 | 2276828 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 177600 | 96 |
| കർഷക തൊഴിലാളി പെൻഷൻ | 7056400 | 577 |
| വിധവാ പെൻഷൻ | 28637900 | 2386 |
| വാർദ്ധക്യകാല പെൻഷൻ | 52695300 | 4544 |
| വികലാംഗ പെൻഷൻ | 7085500 | 565 |
| അവിവാഹിതരായ 50 വയസ്സിനു മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 2369200 | 224 |
| വിവാഹ ധനസഹായം | 240000 | 8 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.01.2020 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 1,42,376/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.07.16-27.07.16 | 2014-15<br>2015-16 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.08.19-04.09.19 | 2018-19 | 10.09.19 |

## 1-10 ആഭ്യന്തരനിയന്ത്രണ സംവിധാനം

- പ്രതീക്ഷിത വരവുചെലവും യഥാർത്ഥ വരവുചെലവുമായി വളരെ അന്തരം കാണുന്നു. ഒട്ടും യാഥാർത്ഥ്യ ബോധത്തോടെയല്ല ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നത്.
- ഭരണ സമിതി, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവ സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതി ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല.
- പദ്ധതികളുടെ ആസൂത്രണ –നിർവ്വഹണ ഘട്ടങ്ങളുടെ കാര്യക്ഷമത ഭരണ സമിതി യോഗങ്ങളിൽ അജണ്ടയായി വരുന്നില്ല.
- പല പദ്ധതികളും കലണ്ടർ പ്രകാരം പുർത്തീകരിക്കപ്പെടുന്നില്ല. പൂർത്തിയായ പദ്ധതികളിൽ നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടക്കുന്നില്ല.
- ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.
- സ്റ്റോക്ക് രജിസ്റ്ററിലെ വർഷാന്ത്യ നീക്കിയിരിപ്പ് ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നില്ല.
- ബിൽ രജിസ്റ്ററിന്റെ പരിപാലനം തൃപ്തികരമല്ല. തനത് ഫണ്ട് വൗച്ചറുകൾക്കൊപ്പം സാംഖ്യ പേയ്മെന്റ് വൗച്ചറുകൾ സൂക്ഷിക്കുന്നില്ല. ചെലവുകൾ നടത്തിയതിന് ശേഷം സാംഖ്യയിൽ ചെലവുകൾ രേഖപ്പെടുത്തുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു.
- തൊഴിൽ നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരങ്ങൾ അടങ്ങിയ അസസ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാ വ്യക്തികളിൽ നിന്നും വ്യാപാരികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കാനാവാത്ത സ്ഥിതിയാണുള്ളത് .
- വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയും കംപ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടില്ല. ആയതിനാൽ എല്ലാ വ്യാപാരങ്ങൾക്കും ലൈസൻസ് എടുത്തിട്ടുണ്ടെന്നും കാലാവധി തീരുന്ന മുറയ്ക്ക് ലൈസൻസ് പുതുക്കുന്നുണ്ടെന്നും ഉറപ്പിക്കാനാവില്ല.

മേൽ രീതിയിലുള്ള രജിസ്റ്റർ/രേഖകൾ സൂക്ഷിക്കാത്തതിനാൽ നഗരസഭയ്ക്ക് യഥാവിധി ലഭിക്കേണ്ട വരുമാനത്തിൽ കുറവുവരാനിടയാകുന്നു. കൂടാതെ കുടിശ്ശികയായി

നിൽക്കുന്ന തുക വാർഷികകണക്കുകളിലോ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിലോ ഉൾപ്പെടുത്താത്തതിനാൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വീഴ്ച സംഭവിക്കാനിടയുണ്ട്.

- നഗരസഭയുടെ പ്രധാന വരുമാന മാർഗ്ഗമായ വാടകയിനത്തിലുള്ള വരവ് പിരിച്ചെടുക്കാൻ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തുന്നില്ല
- കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 215(3) പ്രകാരം എല്ലാ ലൈസൻസികളും കെട്ടിടത്തിന്റെ ഉപയോഗം, വാടക / ഫീസിന്റെ നിരക്ക്, അടവാക്കേണ്ട സമയം എന്നിവ സംബന്ധിച്ച് മുദ്രപത്രത്തിൽ കരാറിലേർപ്പെടാത്തതിനാൽ കൃത്യമായി കുടിശ്ശിക ഈടാക്കാൻ സാധിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ഭരണ സമിതിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

# 1-11 വാർഷിക കണക്കിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള മുനിസിപ്പൽ അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം 58)

2. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ) 4648309 രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101- State govt levies in property tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 221348/- (4648309x5/105) ആണ്. എന്നാൽ ഈ ശീർഷകത്തിൽ ചേർത്തിട്ടുള്ളത് 67592/- രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

3. വസ്തുനികുതിയുടെ ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷിക കണക്കുകളും ഡി.സി.ബി. രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

3.1 വസ്തു നികുതി - തൻവർഷം

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| രജിസ്റ്റർ പ്രകാരം | 35537418 | 31838476 | - | 3698942 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 37615066 | 33877153 | - | 3924808 |

2017-18 AFS പ്രകാരം അഡ്വാൻസ് ഇനത്തിൽ തൻവർഷം ക്രമീകരിക്കാൻ തുക വകയിരുത്തിയിട്ടില്ല.

3.2 വസ്തു നികുതി - കുടിശ്ശിക

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| രജിസ്റ്റർ പ്രകാരം | 12776336 | 8838663 | - | 3937673 |
| വാർഷിക കണക്കിലെ വിവിധ പത്രികകകൾ പ്രകാരം | 4648309 | 5797292 | - | 723501 |

3.3 01/04/2018ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/ നോൺ റെസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തു നികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ ഇരിങ്ങാലക്കുട നഗരസഭയിൽ 551 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19-ലെ "110100101-Property tax on residential building" എന്ന ശീർഷകത്തിലേയും "110100103-Property tax on non residential building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് രണ്ട് തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

4. RP-3 പ്രകാരം ടൗൺഹാൾ, സ്റ്റേഡിയം, കോൺഫറൻസ് ഹാൾ, സിവിക് എമിനിറ്റീസ് എന്നിവയുടെ വാടകയായി 972267/- രൂപ വരവുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

5. ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള മുനിസിപ്പാലിറ്റീസ് അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3. ഡി&ഒ ഡിമാന്റ് രജിസ്റ്റർ

4. വാടക ഡിമാന്റ് രജിസ്റ്റർ

5. ലൈബ്രറി രജിസ്റ്റർ

6. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

7. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

8. ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്റർ

6. ഡെപ്പോസിറ്റ്

RP-27 പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ 8315145 രൂപ വരവും B-7 പ്രകാരം 34855660/- രൂപ ബാദ്ധ്യതയും രേഖപ്പെടുത്തിയിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മേൽ തുകകളുടെ കൃത്യത ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടില്ല.

7. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. ഉദാഹരണത്തിന് ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-11 പ്രകാരം 410410000000-fixed assets എന്ന ശീർഷകത്തിൽ 31.03.2019-ൽ 26,66,53,534 രൂപയുടെ ആസ്തികൾ ഉള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ സ്ഥാപനം തയ്യാറാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 178976632/- രൂപയാണ് ആസ്തിയായി രേഖപ്പെടുത്തിയിട്ടുള്ളത്.

8. അക്രൂവൽ ആയി രേഖപ്പെടുത്തേണ്ട താഴെ ചേർത്തിരിക്കുന്ന തുകകൾ അതാത് ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല. (വസ്തു നികുതി ഒഴികെ)

തൊഴിൽ നികുതി (ട്രേഡേഴ്സ്)/മുറി വാടക/ലേലം/ഡി&ഒ

**1. തൊഴിൽ നികുതി - ട്രേഡേഴ്സ് - തൻവർഷം**

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | 3143243 | 2880753 | 262490 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3296000 | 3147983 | 149867 |

2. തൊഴിൽ നികുതി - ട്രേഡേഴ്സ് - കുടിശ്ശിക

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | ലഭ്യമാക്കിയിട്ടില്ല | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 10347536 (AFS 2017-18 Schedule B-15) | 384450 | 147194 |

3. തൊഴിൽ നികുതി - ജീവനക്കാർ - തൻവർഷം

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | 10311537 | 10311537 | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 10392218 | 10392218 | 0 |

4. ഡി &ഒ ലൈസൻസ്

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| രജിസ്റ്റർ പ്രകാരം | 1746826 | 1739626 | 7200 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2142799 | 2142799 | - |

9. 2018-19 വർഷത്തെ Income and expenditure പത്രികയുടെ എക്സ്പെന്റിച്ചർ facing sheetൽ 1-17 (a) പ്രകാരം തൻവർഷം 272000000 എന്ന ഹെഡിൽ 25358354 രൂപ ഡിപ്രീസിയേഷൻ ആയി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ I & E statement ഷെഡ്യൂളിൽ 1-17 (a) ഉൾപ്പെട്ടു കാണുന്നില്ല. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും ജേണൽ വൗച്ചർ ഹാജരാക്കിയിട്ടില്ല. (കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58(4 ജി), കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് 2007 ചട്ടങ്ങൾ (ചട്ടം 54(5)ജി).

10. സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

11. ഡെപ്പോസിറ്റ് രജിസ്റ്റർ/ഇൻവെസ്റ്റ്മന്റ് രജിസ്റ്റർ/അഡ്വാൻസ് രജിസ്റ്റർ/സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

12. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകളിലെ തുകയും, വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഫണ്ടിനം | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| 1 | വികസന ഫണ്ട് - ജനറൽ | 49114162 | 48801533 | 362129 |
| 2 | CFC | 37570275 | 35012032 | 2558243 |
| 3 | Road | 44863228 | 43933637 | 929591 |
| 4 | Non Road | 10804270 | 10714790 | 89480 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

13. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/03/19 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/03/2019-ൽ പണി പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 6688556/- രൂപയാണ്. 31/03/2019-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital work in progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 17883928/- രൂപയാണ്. ഇത് കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടി തുകയുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

14. വാർഷിക കണക്ക് പ്രകാരം വായ്പ ഇനത്തിൽ തൻവർഷം 37200000/-രൂപ വരവും നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

15. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/03/2019-ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101- Prior period income – Property tax - general | (3329804) |
| 280209900- Prior period income – other income | 223500 |
| 280800200- Prior period income- Prof. Tax. institution | 20000 |
| 280800300- Prior period income – Other income | 2800392 |
| 280800700- Prior period- Miscellaneous Expenses | 50268 |

16. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃ വിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/03/19ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/03/19-ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃ വിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

17. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 5000000/- രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇകിറ്റി ഷെയർ സംബന്ധിച്ച വിവരങ്ങൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

18. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-1-ൽ 310100100 – ജനറൽ ഫണ്ട്, 310900100- Excess of income own expenditure എന്നിവയുടെ 31-03-18-ലെ നീക്കിയിരിപ്പല്ല 01.04.18-ലെ മുന്നിരിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം. | ശീർഷകം | 31.03.18-ലെ B/S CB | 2018-19 ട്രയൽ ബാലൻസ് മുന്നിരിപ്പ് |
|---|---|---|---|
| 1 | 310100100 | General Fund – 15782918.24 | 16405978.91 |
| 2 | 310900100 | Excess of Income over expenditure<br>15908655 | 15868867.15 |

ബി)വാർഷിക ഓഡിറ്റ് സമയത്ത് കണ്ടെത്തിയ അപാകതകൾ

പ്രോജക്റ്റ് 665/19

ഫയൽ-PH2-17168/19

അജൈവ മാലിന്യശേഖരണത്തിനായി വാഹനം വാങ്ങൽ.

ചെലവ് വിവരങ്ങൾ

| ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | ശീർഷകം |
|---|---|---|---|
| 58 | 21/3/2019 | 664178 | 412100100- Capital work in progress |
| 85 | 26/3/2019 | 49850 | |
| 57 | 28/2/2019 | 23000 | |
| | | 737028 | |

ഈ വാഹനം വാങ്ങിയതിന്റെ ചെലവ് "410500100-Vehicles- Municipality" എന്ന ശീർഷകത്തിൽ ചേർക്കാതെ "412100100- Capital work in progress" എന്ന ശീർഷകത്തിൽ ചേർത്തതായി കാണുന്നു.ആയത് 2019-20 സാമ്പത്തിക വർഷത്തിൽ "410500100-Vehicles- Municipality"

എന്ന ശീർഷകത്തിന് ഡെബിറ്റും "412100100- Capital work in progress" എന്ന ശീർഷകത്തിന് ക്രെഡിറ്റും നല്കി രേഖപ്പെടുത്തൽ വരുത്തി തിരുത്തേണ്ടതാണ്.

# 1-12 തൊഴിൽനികുതി അപാകതകൾ

1. ചില സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെചേർക്കുന്നു.

| ക്രമ നം. | പേര് | തൊഴിൽ/ വ്യാപാരം | കെട്ടിട നമ്പർ | അർദ്ധ വർഷം |
|---|---|---|---|---|
| 1 | സി.വി.ഡേവിസ് | സെഹിയോൺ റിഫ്രഷ്മെന്റ് | 2/369 | I, II |
| 2 | രാജീവ്.ഇ.എൻ. | ശ്രീ സായി ടയർ വർക്ക്സ് | 2/483A3 | I, II |
| 3 | സാജൻ.കെ.വി | സൺ ഫാബ്രിക്കേറ്റേഴ്സ് | 3/344A | I, II |
| 4 | ബാബു ആന്റണി | കിടക്ക വ്യാപാരം | 19/360 | I, II |
| 5 | സോമൻ കുറുവത്ത് | ചിട്ടി | 19/366J | I, II |

2. 2018-19 സാമ്പത്തിക വർഷ പത്രിക പ്രകാരം തൊഴിൽനികുതി (ജീവനക്കാർ) ഇനത്തിൽ 10392218/- രൂപ ഡിമാന്റും 10392218/- രൂപ വരവും ഉണ്ട്. ബാലൻസ് ഇല്ല. എന്നാൽ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ചില സ്ഥാപനങ്ങൾ തൊഴിൽനികുതി അടവാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെചേർക്കുന്നു.

| ക്രമ നം. | പേര് | അർദ്ധ വർഷം |
|---|---|---|
| 1 | പ്രിൻസിപ്പാൾ ഗവ.ഗേൾസ് എച്ച്.എസ്.എസ്. | II |

| | | |
|---|---|---|
| 2 | ഇവന്റ്സ് കൺസ്ട്രക്ഷൻസ് | I, II |
| 3 | PMR പ്രോപ്പർട്ടീസ് | I, II |
| 4 | ജോസ് ബെൻ ക്ലിനിക് ഡെന്റൽ ക്ലിനിക്ക് | I, II |
| 5 | സുധർമ്മ മെട്രോപോളിസ് ലാബ് | I, II |
| 6 | കല്ലറക്കൽ ഗ്രൂപ്പ് കുറീസ് | I, II |
| 7 | സിജോസ് ഡെന്റൽ കെയർ | I, II |
| 8 | കൂനൻ ജ്വല്ലറി | I, II |

3. 19-ാം വാർഡിൽ ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 323 വ്യാപാരികളുണ്ട്. എന്നാൽ തൊഴിൽനികുതി (ട്രേഡേഴ്സ്) അടവാക്കിയത് 187 പേർ മാത്രമാണ്.

മുഴുവൻ വാർഡുകളിലും ഫീൽഡ് പരിശോധന നടത്തി മുനിസിപ്പാലിറ്റിയുടെ പരിധിയിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളുടെയും വ്യാപാരങ്ങളുടെയും വ്യക്തികളുടെയും ലിസ്റ്റ് / രജിസ്റ്റർ തയ്യാറാക്കേണ്ടതും തൊഴിൽനികുതി പിരിച്ചെടുക്കേണ്ടതുമാണ്.

[ഓഡിറ്റ് എൻക്വയറി 35 തീയതി 18.01.2020]

## 1-13 ഡി & ഒ ലൈസൻസ് അപാകതകൾ

1) 2018-19 വാർഷിക പത്രികകൾ പ്രകാരം ഡി & ഒ ലൈസൻസ് ഫീസിനത്തിൽ 21,42,799/- രൂപ ഡിമാന്റും തൻവർഷത്തേക്കായി 21,42,799/- രൂപ വരവുമുണ്ട്. എന്നാൽ രജിസ്റ്ററുകൾ പ്രകാരം താഴെപ്പറയുന്ന വാർഡുകളിൽ നിന്ന് (ഉദാ:) ഫീസ് ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| വാർഡ് നം. | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| 20 | 128465 | 124065 | 4400 |
| 21 | 9180 | 7780 | 1400 |
| 22 | 154670 | 151670 | 3000 |
| 24 | 120180 | 119030 | 1150 |
| 25 | 34125 | 33625 | 500 |
| 11 | 28400 | 28100 | 300 |
| 12 | 14680 | 159930 | 1750 |
| 15 | 10950 | 10700 | 250 |

യഥാർത്ഥത്തിൽ ലഭിക്കാനുള്ള കുടിശ്ശിക വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2018-19 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി അടവാക്കിയതായി രജിസ്റ്ററിൽ കാണുന്നു. എന്നാൽ ഡി & ഒ ലൈസൻസ് എടുത്തതായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പേര് | വ്യാപാരം | കെട്ടിട നമ്പർ |
|---|---|---|
| | | |

| | | |
|---|---|---|
| രാഖി ചക്കാലപറമ്പിൽ | Money Lending | II/27 |
| നിയോ വർഗീസ് | പല്ലവി സ്റ്റുഡിയോ | II/264 |
| അന്തോണി എ ആഴ്ച്ചങ്ങാട്ടിൽ | പലചരക്ക് | II/355 |
| സാലി ഡേവിസ് മേനാച്ചേരി | ലാബ് | II/202 |
| KA സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ | ആശുപത്രി | IV/152 |
| റേഷൻ കട | റേഷൻ വ്യാപാരം | 19/321 |
| കെ.വി.ജോൺസൺ | ഫിനാൻസ് | 19/339 |
| എം.ജെ.നോബിൾ, മാമ്പിള്ളി ഫൈനാൻസ് | ഫൈനാൻസ് | 19/385 |
| ബാബു ആലങ്ങാടൻ | ഫൈനാൻസ് | 19/387 |

വാർഷിക കണക്കുകളിൽ ഇനം തിരിച്ച് കാണിക്കാതെയുള്ള ഡി & ഒ ലൈസൻസ് ഫീസ് ഇനത്തിലുള്ള കുടിശ്ശിക തുക ഈടാക്കിയിട്ടുണ്ടെങ്കിൽ കണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്. വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ ധാരാളം വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന നഗരസഭയുടെ പ്രധാന വരുമാനമാർഗ്ഗങ്ങളിലൊന്നായ ലൈസൻസ് ഫീസ് മുഴുവൻ പിരിച്ചെടുക്കാൻ സാധിച്ചിട്ടില്ല.

വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ആയത് കാലികമാക്കേണ്ടതും കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. ലൈസൻസ് എടുക്കാതെ യാതൊരു സ്ഥാപനങ്ങളും നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്. [ഓഡിറ്റ് എൻക്വയറി 35 തീയതി 18.01.2020]

## 1-14 വളർത്തുനായ്ക്കൾക്കുള്ള ലൈസൻസ് നൽകൽ- നഗരസഭയുടെ അനിവാര്യ ചുമതല നിർവ്വഹിക്കേണ്ടതാണ്.

കേരള മുനിസിപ്പാലിറ്റി ആക്ട് 1994 വകുപ്പ് 437 പ്രകാരം യാതൊരാളും സെക്രട്ടറിയിൽ നിന്നും ലഭിച്ച അനുമതി കൂടാതെയും പേപ്പട്ടി വിഷത്തിനെതിരെ കുത്തിവെപ്പിക്കാതെയും നഗരസഭാപരിധിയിൽ പട്ടിയെ വളർത്താൻ പാടുള്ളതല്ല. കേരള മുനിസിപ്പാലിറ്റി ആക്ട് 30(1) വകുപ്പ് പ്രകാരം വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകുകയെന്നത് മുനിസിപ്പാലിറ്റിയുടെ അനിവാര്യ ചുമതലയിൽപ്പെടുന്നു. എന്നാൽ 2018-19 സാമ്പത്തിക വർഷത്തിൽ ടിയിനത്തിൽ ലൈസൻസ് ഫീസ് വരവ് വന്നിട്ടില്ല. ടി ഇനത്തിൽ നഗരസഭ 2018-19 സാമ്പത്തിക വർഷാവസാനം വരെ ലൈസൻസ് നൽകിയിട്ടില്ല. [ഓഡിറ്റ് എൻക്വയറി 26 തീയതി 16.01.2020]

PH2 – 14277/16 ഫയൽ പരിശോധിച്ചതിൽ 08.02.2016 ലെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തീരുമാന പ്രകാരം വളർത്തുനായ്ക്കൾക്കുള്ള ലൈസൻസ് നൽകുന്നതിന് വേണ്ടിയുള്ള അപേക്ഷാഫോറങ്ങൾ (1000 എണ്ണം) അച്ചടിപ്പിച്ചിട്ടുണ്ട്. വളർത്തുനായ്ക്കൾക്കുള്ള ടോക്കൺ ബെൽറ്റ് സപ്ലൈ ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ക്രീൻ ക്രാഫ്റ്റ്സ്, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്ന് 200 എണ്ണം ബെൽറ്റുകൾ (സ്റ്റോക്ക് രജിസ്റ്റർ 2018-19 - പേജ് 9) വാങ്ങുകയും വൗച്ചർ നം. 100/21.03.19 പ്രകാരം 37500/- രൂപ സ്ഥാപനത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. 31.01.2017 ലെ 15-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം അപേക്ഷാഫോറത്തിന് 10/- രൂപയും ലൈസൻസ് ഫീസ് 100/രൂപയും ബെൽറ്റിന് 200/- രൂപയും നിശ്ചയിച്ചിട്ടുണ്ട്. 2019-20 വർഷത്തിൽ നാളിതുവരെ 3 നായ്ക്കൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്.

നഗരസഭാപരിധിയിലുള്ള വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകുന്നതിന് വ്യാപക പ്രചാരണം നല്കേണ്ടതും ലൈസൻസ് നല്കുകയും ചെയ്യേണ്ടതാണ്.

## 1-15 കെട്ടിട നിർമ്മാണാനുമതി, വസ്തുനികുതി നിർണ്ണയം - അപാകതകൾ

1. പെർമിറ്റ് നം.ബി.എ 343/12-13 പ്രകാരം 3886 ച.മീ വരുന്ന ഓഡിറ്റോറിയത്തിന് വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നു. പെർമിറ്റ് പ്രകാരം 1076 ച.മീ വിസ്തൂർണ്ണം പാർക്കിംഗ് വിസ്തീർണ്ണമാണ്. പ്രസ്തുത ഓഡിറ്റോറിയം വസ്തുനികുതി നിർണ്ണയിച്ചപ്പോൾ 1076 ച.മീ വിസ്തീർണ്ണം ഒഴിവാക്കി ബാക്കിയുള്ള 2810 ച.മീ വിസ്തീർണ്ണത്തിന് മാത്രമാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറി നം.24/16.1.20 നുള്ള മറുപടിയിൽ പാർക്കിംഗ് വിസ്തീർണ്ണം വിട്ടുപോയതാണെന്നും, പുനർനിർണ്ണയം നടത്തി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും അറിയിച്ചിട്ടുണ്ട്. നികുതി പുതുക്കി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. ഒക്യുപൻസി സാക്ഷ്യപത്രം നം.ബിഎ 466/16-17 തീ.28/5/18 പ്രകാരം 1415.89 ച.മീ അസംബ്ലി കെട്ടിടത്തിന് ഒക്യുപൻസി നൽകിയതായി കാണുന്നു. നഗരസഭയുടെ ബിഎ 466/16-17 തീ.19/5/17 പ്രകാരം 1396 ച.മീ അസംബ്ലി കെട്ടിടത്തിനാണ് കെട്ടിട നിർമ്മാണാനുമതി നൽകിയിട്ടുള്ളത്. കെട്ടിടത്തിന്റെ പ്ലോട്ട് എരിയ 2276 ച.മീറ്ററാണ്. 1415.89 ച.മീ കെട്ടിട വിസ്തൃതിയിൽ 982.99 ച.മീ താഴത്തെ നിലയും 412.90 ച.മീ ഒന്നാം നിലയുമാണ്. ഈ കെട്ടിടത്തിന്റെ കവറേജ് 43.19% ആണ്. KMBR പ്രകാരം 40% ആണ് അനുവദനീയം. കെട്ടിടം നിലവിലുള്ളത് പുനരുദ്ധാരണം ചെയ്തതായിട്ടാണ് ഫയലിൽ നിന്നും ബോധ്യപ്പെടുന്നത്. മുമ്പുണ്ടായിരുന്ന കെട്ടിടത്തിന്റെ തറവിസ്തീർണ്ണം, കവറേജ് എന്നിവ അസസ്സ്മെന്റ് രജിസ്റ്ററിൽ നിന്നും വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 24/16.1.20 നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. ആയതിനാൽ KMBR പ്രകാരമുള്ള ചട്ടങ്ങൾക്ക് വിരുദ്ധമായ നിർമ്മിതികൾക്ക് നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. യു.എ രജിസ്റ്റർ പ്രകാരം UA VI/49A(21) എന്ന കെട്ടിട നമ്പർ ശ്രീമതി. ലിസ ആന്റണി എന്നവർക്ക് നൽകിയിട്ടുണ്ട്. ഫയലിലെ രേഖകളിൽ, 6-ാം വാർഡിൽ ബി.എ 582/10-11 പ്രകാരം അനുവദിച്ച പാർഷ്യൽ ഒക്യുപൻസിയുടെ അടിസ്ഥാനത്തിൽ നമ്പർ നൽകി നികുതി നിർണ്ണയിച്ചിട്ടുള്ള VI/49, VI/49(1) മുതൽ VI/49(20) വരെയുള്ള കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്ന ബഹുനില കെട്ടിടത്തിന്റെ രണ്ടാം നിലയിൽ കിഴക്ക് തെക്കെ മൂലയിലുള്ള വാസഗൃഹം അനുമതിയില്ലാതെ നിർമ്മിച്ച് ഉപയോഗപ്പെടുത്തുന്നുവെന്നും ഏകദേശം 285 ച.മീ വിസ്തീർണ്ണമുണ്ടെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ഈ കെട്ടിടത്തിന്റെ കെട്ടിട നിർമ്മാണ പെർമിറ്റ് പരിശോധിച്ചതിൽ, സെക്രട്ടറിയുടെ 22/2/2016-ാം തീയതിയിലെ ബി.എ 582/10-11 കത്ത് പ്രകാരം ഈ കെട്ടിടത്തിന് പെർമിറ്റ് അനുവദിക്കുന്നതിന് ചീഫ് ടൗൺ പ്ലാനറോട് (CTP) അംഗീകാരം ആവശ്യപ്പെട്ടതായി കാണുന്നു. കത്തിൽ 10648.32 ച.മീ വിസ്തീർണ്ണത്തിന് പാർഷ്യൽ ഒക്യുപൻസി നൽകിയതായും, സ്ഥലപരിശോധനയിൽ 10896.74 ച.മീ വിസ്തീർണ്ണത്തിന് നിർമ്മാണം നടത്തിയതായും പരാമർശിച്ചിട്ടുണ്ട്. അധികമായി നിർമ്മിച്ച 217.22 ച.മീ വിസ്തീർണ്ണത്തിന് CTP യുടെ അംഗീകാരം ലഭിക്കുന്നതിന് പ്ലാൻ ഇതോടൊപ്പം CTP യ്ക്ക് അയയ്ക്കുന്നുവെന്നും കത്തിൽ പറയുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കെട്ടിടത്തിന് CTP യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് ഓഡിറ്റ് എൻക്വയറിയായി (29/17.1.20) ആവശ്യപ്പെട്ടിരുന്നു. എന്നാൽ മറുപടിയൊന്നും ലഭ്യമാക്കിയില്ല. 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഈ കെട്ടിടത്തിന് CTP യുടെ അംഗീകാരമില്ലായെന്ന് പരാമർശിച്ചിരുന്നു.

22/2/2016 ന് മുമ്പ് പണി കഴിച്ച കെട്ടിടത്തിന്റെ അധികമായി നിർമ്മിച്ച 217.22 ച.മീ വിസ്തൃതിയ്ക്കാണ് 2018-19 സാമ്പത്തിക വർഷത്തിൽ 285 ച.മീ ഉള്ളതായി കണക്കാക്കി UA നമ്പർ (UA VI/49A(21)) നൽകിയിട്ടുള്ളത്. ഈ കെട്ടിടത്തിന്റെ ബാക്കിയുള്ള 10648.32 ച.മീ വിസ്തൃതിയ്ക്ക് 2016-17 സാമ്പത്തിക വർഷത്തിൽ തന്നെ കെട്ടിട നമ്പർ {VI/49, VI/49(1) മുതൽ VI/49(20) വരെ} നൽകിയിട്ടുണ്ട്. എന്തുകൊണ്ടാണ് 2016-17 സാമ്പത്തിക വർഷത്തിൽ പണിപൂർത്തികരിച്ചുവെന്ന് സെക്രട്ടി സാക്ഷ്യപ്പെടുത്തിയിട്ടുള്ള 217.22 ച.മീ വിസ്തൃതിയ്ക്കുള്ള വാസഗൃഹത്തിന് 2018-19 സാമ്പത്തിക വർഷത്തിൽ, 285 ച.മീ വിസ്തീർണ്ണം ഉള്ളതായി കണക്കാക്കി, UA നമ്പർ {UA VI/49A(21)} നൽകിയതെന്നതിന് കാരണം വ്യക്തമാക്കിയിട്ടില്ല. CTP യുടെ അംഗീകാരം നാളിതുവരെയായി ലഭിച്ചിട്ടില്ലായെന്നാണ് ഓഡിറ്റിന് ബോധ്യപ്പെടുന്നത്. ആയതിനാൽ KMBR പ്രകാരമുള്ള ചട്ടങ്ങൾക്ക് വിരുദ്ധമായ നിർമ്മിതികൾക്ക് നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 അനധികൃതമായി പ്രവർത്തിച്ചു വരുന്ന മൊബൈൽ ടവറുകൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്

I) നഗരസഭയിലെ രണ്ട് റവന്യൂ ഇൻസ്പെക്ടർമാരുടെ ആർ.1/7981/18 തീ.25.5.18 സമർപ്പണ പ്രകാരം നഗരസഭയിലെ വിവിധ പ്രദേശത്ത് വിവിധ വാർഡുകളിലായി അനധികൃതമായി മൊബൈൽ ടവറുകൾ സ്ഥിതി ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് വിവരം ചുവടെ ചേർക്കുന്നു.

1. സെന്റ് ജോസഫ് കോളേജിന് സമീപം ക്ലാസ്സിക് ഇലക്ട്രിക്കൽസ് എന്ന സ്ഥാപനത്തിന് മുകളിൽ

2. അഭിമാൻ ടവറിന് മുകളിൽ

3. ചന്തക്കുന്ന് മോമന്റ്സ് ഹബ്
4. നക്കര ബിൽഡിംഗ്സ്

5. കാരൂർ വൈശ്യ ബാങ്കിന് സമീപം

6. ഡെൽന കോംപ്ലക്സ് -2 ടവറുകൾ

7. ചേലൂർ റോഡ്-2 ടവറുകൾ

ടി ടവറുകളുടെ പ്ലിന്ത് എരിയ അളന്ന് തിട്ടപ്പെടുത്തി ലഭിക്കുന്നതിനായി നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിലേക്ക് നൽകാവുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സമർപ്പണം 25.5.2018 തിയ്യതിയിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഒരു കാര്യാലയ നടപടിക്രമമായി (ആർ 1-8350/18 തി.20/11/19) അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകുന്നത് 20/11/19 തിയ്യതിയിലാണ്. അതായത് ഒന്നര വർഷം കഴിഞ്ഞാണ് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകുന്നത്. എന്നാൽ നാളിതു വരെയായി യാതൊരു നടപടിക്രമങ്ങളും സ്വീകരിച്ചതായി കാണുന്നില്ല. ആയതിനാൽ അനധികൃതമായി പ്രവർത്തിച്ചു വരുന്ന മേൽപ്പറഞ്ഞ മൊബൈൽ ടവറുകൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

II) 2018-19 സാമ്പത്തിക വർഷത്തിൽ 3 മൊബൈൽ ടവറുകൾക്ക് പെർമിറ്റിനായി അപേക്ഷ സമർപ്പിച്ചിരുന്നു. ബിഎ 597/18-19 തീ.15/10/18, പി.ഡബ്ല്യു2-144/18-19 തീ.18/4/18, ബിഎ894/18-19 തീ.10/1/19 എന്നിവയാണ് അപേക്ഷകൾ. 3 മൊബൈൽ ടവറുകൾക്കും നഗരസഭയിൽ നിന്നും പെർമിറ്റ് നൽകിയിട്ടില്ല. എന്നാൽ 9-ാം വാർഡിൽ മൊബൈൽ ടവറിന്റെ പണി തുടങ്ങിയിട്ടുള്ളതായി കൗൺസിലർ രേഖാമൂലം (പരാതി 4249/12.3.19) അറിയിച്ചതായി കാണുന്നു. ബാക്കി രണ്ട് ടവറുകളും ഡീമ്ഡ് ലൈസൻസിന്റെ സഹായത്താൽ പണി പൂർത്തീകരിക്കുമെന്ന് റിലയൻസ് ജിയോ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഈ ടവറുകൾ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ടോ, നമ്പറിങ്ങിനോ ക്രമവത്ക്കരണത്തിനോ അപേക്ഷിച്ചിട്ടുണ്ടോ എന്നീ കാര്യങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടിയൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അനധികൃതമായി പ്രവർത്തിച്ചു വരുന്നുണ്ടെങ്കിൽ മേൽ ടവറുകൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

III) ഇരിങ്ങാലക്കുട നഗരസഭയുടെ സോണൽ ഓഫീസിന്റെ കീഴിൽ അനധികൃതമായി മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയവ കണ്ടെത്തി ചട്ടപ്രകാരമുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

## 1-17 മൊബൈൽ ടവർ വസ്തുനികുതി കുടിശ്ശിക

1. നഗരസഭാ പരിധിയിലുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക താഴെ പറയുന്ന പ്രകാരമാണ്.

| ക്രമ നം. | മേൽ വിലാസം & കെട്ടിട നം. | വസ്തുനികുതി | കുടിശ്ശിക വർഷം |
|---|---|---|---|
| 1 | എൻ.കെ.നാരായണൻ, എ.റ്റി.സി ടെലകോം ടവർ കോർപ്പറേഷൻ V/621 Z7 | 9224 | -- |
| 2. | റിലയൻസ് XVI/211, XV/III A | 4816 | 2014-15 മുതൽ |
| 3. | വോഡഫോൺ XVI/238(16) | 1824 | 2006-07 രണ്ടാം അർദ്ധ വർഷം മുതൽ |
| 4. | ബി.പി.എൽ ടവർ XXVI/97, XXI/154 | 848 | 2012-13 മുതൽ |

2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ കുടിശ്ശിക സംബന്ധിച്ച് പരാമർശിച്ചിരുന്നു. എന്നാൽ നാളിതു വരെയായി ഈ കുടിശ്ശിക ഈടാക്കിയിട്ടില്ല. എൻ.കെ.നാരായണൻ, എ.റ്റി.സി ടെലകോം ടവർ കോർപ്പറേഷൻ (V/621 Z7) ടവറിന്റെ അസ്സസ്മെന്റ് വർഷമോ, ഏതു വർഷം മുതൽ കുടിശ്ശികയുണ്ടെന്നോ ഉള്ള വിവരം ലഭ്യമല്ല. ആയതിനാൽ കുടിശ്ശിക എത്രയും വേഗം പിരിച്ചെടുക്കേണ്ടതാണ്.

2. ഇരിങ്ങാലക്കുട നഗരസഭയിലെ സോണൽ ഓഫീസിന്റെ കീഴിലുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും പ്രധാന കാര്യാലയത്തിന്റെ മാത്രമാണ് കുടിശ്ശിക ലഭ്യമാക്കിയത്. ആയതിനാൽ സോണൽ കാര്യാലയത്തിന്റെ പരിധിയിലുള്ള ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഉണ്ടെങ്കിൽ എത്രയും വേഗം പിരിച്ചെടുക്കേണ്ടതാണ്.

# 1-18 അനധികൃത ഒ.എഫ്.സി സ്ഥാപിക്കൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

അപേക്ഷ നം.14046/10.10.18 പ്രകാരം റിലയൻസ് ജിയോ 0.28 കീ.മി ദൂരത്തിൽ ഒ.എഫ്.സി സ്ഥാപിക്കുന്നതിന് അപേക്ഷ നൽകിയിരുന്നു. എന്നാൽ 07/12/18-ാം തിയ്യതിയിലെ 21-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം റിലയൻസ് ജിയോയ്ക്കു വേണ്ടി ശ്രീ.വിനോദ് കുമാർ സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിശോധിക്കേണ്ടതില്ലെന്നും നഗരസഭയുടെ അനുമതി കൂടാതെ മറ്റു ഭാഗങ്ങളിൽ കേബിൾ സ്ഥാപിച്ച പ്രവൃത്തിയ്ക്ക് നിയമ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ആയതുപ്രകാരം റിലയൻസ് ജിയോ അനുമതി കൂടാതെ കേബിൾ സ്ഥാപിച്ചിട്ടുള്ള റോഡുകളുടെ വിവരവും, അതിന് മേൽ നഗരസഭ എടുത്തിട്ടുള്ള നടപടിക്രമങ്ങളും സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 20/15.1.20 നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. അപേക്ഷ പ്രകാരമുള്ള റോഡിൽ കേബിൾ സ്ഥാപിച്ചിട്ടുണ്ടോ എന്നതിന് നഗരസഭ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ റിലയൻസ് ജിയോ അനുമതി കൂടാതെ കേബിൾ സ്ഥാപിച്ചിട്ടുള്ള എല്ലാ പ്രവൃത്തികൾക്കും ചട്ടപ്രകാരമുള്ള നിയമ നടപടികൾ വളരെ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

# 1-19 വസ്തുനികുതി കുടിശ്ശിക കൃത്യമാക്കേണ്ടതാണ്

1. ഇരിങ്ങാലക്കുട നഗരസഭയിൽ പ്രധാന കാര്യാലയത്തിലും ഉപ കാര്യാലയത്തിലുമായി 41 വാർഡുകളാണുള്ളത്. ഓരോ സാമ്പത്തിക വർഷത്തിലും ഓരോ വാർഡിന്റെയും ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക എന്നിവ ഡിമാന്റ് രജിസ്റ്ററിൽ എഴുതി ആയത് സാക്ഷ്യപ്പെടുത്തലുകൾ വരുത്തി ആധികാരികമായി സൂക്ഷിക്കേണ്ടതാണ്. എന്നാൽ 41 വാർഡുകളുടെയും ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആകെ തൻവർഷം 36,98,942/- രൂപയാണ് കുടിശ്ശിക കണക്കായി ഓഡിറ്റ് എൻക്വയറിയ്ക്ക് (15/15.1.2020) മറുപടി നൽകിയിട്ടുള്ളത്. ആധികാരികമായ രജിസ്റ്ററുകൾ സൂക്ഷിക്കാത്താതിനാൽ കുടിശ്ശികയുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. ആയതിനാൽ ഓരോ സാമ്പത്തിക വർഷവും വസ്തുനികുതിയുമായി ബന്ധപ്പെട്ട ചട്ടപ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സ്ഥാപനതലവൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്

2. ഇരിങ്ങാലക്കുട നഗരസഭയിൽ പ്രധാന കാര്യാലയത്തിലും ഉപ കാര്യാലയത്തിലുമായി ആകെ വസ്തുനികുതി കുടിശ്ശിക 76,36,615/- രൂപയാണെന്നാണ് ഓഡിറ്റ് എൻകയറിയ്ക്ക് (15/15.1.2020) മറുപടി നൽകിയിട്ടുള്ളത്. ഇരിങ്ങാലക്കുട നഗരസഭയിൽ വസ്തുനികുതി പരിഷ്കരണം നാളിതു വരെയായി നടപ്പാക്കിയിട്ടില്ല. 01/04/2013 ന് മുമ്പുള്ള 185 ച.മീ മുകളിലുള്ള വീടുകൾക്ക് 25% വർദ്ധനവോ, വാണിജ്യ കെട്ടിടങ്ങൾക്ക് 100% വർദ്ധനവോ വരുത്തിയിട്ടില്ല. വസ്തുനികുതി പരിഷ്കരണം നടപ്പാക്കിയാൽ ഉണ്ടാകുന്ന കുടിശ്ശിക, ഇപ്പോഴുള്ള വസ്തുനികുതി കുടിശ്ശികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ വസ്തുനികുതി കുടിശ്ശിക ആധികാരികമായി കണക്കാക്കേണ്ടതും, ആയത് പിരിച്ചെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതുമാണ്.

## 1-20 വാടക – ഒഴിഞ്ഞുകിടക്കുന്ന കെട്ടിടമുറികൾ ലേലം ചെയ്യേണ്ടതും കുടിശ്ശികയുള്ളവ പിരിച്ചെടുക്കേണ്ടതുമാണ്

നഗരസഭയുടെ 2018-19 വർഷത്തെ വാടക രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. നഗരസഭയുടെ ഉടമസ്ഥതയിലുള്ള താഴെപ്പറയുന്ന കടമുറികൾ ഒഴിഞ്ഞുകിടക്കുന്നു.

| കെട്ടിടം | ഒഴിഞ്ഞുകിടക്കുന്ന മുറികൾ |
|---|---|
| കസ്തൂർബാ വനിതാ ഷോപ്പിംഗ് കോംപ്ലക്സ് | XVIII/127M, XVIII/127N, XVIII/127Q |
| റാണാ ടൂറിസ്റ്റ് ഹോം - രണ്ടാം നില | XV/721, XV/722, XV/723 |
| പച്ചക്കറി മാർക്കററിലെ പുതിയ കെട്ടിടങ്ങൾ | XIV/431-28 |
| മത്സ്യ മാംസ മാർക്കറ്റ് | XIV-356-20, XIV/356-22 |
| മോഡേൺ ഫിഷ് മാർക്കറ്റ് | XIV/337 A to XIV/337 H |
| ഫിഷ് മാർക്കറ്റ് സ്റ്റാൾ | ആകെ 30 സ്റ്റാളുകൾ ഉള്ളതിൽ സ്റ്റാൾ നം 16, 27, 28 എന്നിവ ഒഴികെ 27 എണ്ണം |

[ഓഡിറ്റ് എൻകയറി 2 തീയതി 10.01.2020]

മേൽ വിവരത്തിന് ഓഡിറ്റ് എൻകയറി നൽകിയതിൽ ചില മുറികൾ നിലവിൽ ലേലത്തിന് പോയിട്ടുണ്ടെന്നും മറ്റു മുറികൾ ലേലത്തിൽ പോകാത്തതിനാൽ ഓഫർ ക്ഷണിച്ചിട്ടുള്ളതും ഓഫർ ലഭിച്ചില്ലാത്തതിനാലാണ്

ഒഴിവുവന്നിട്ടുള്ളതെന്നാണ് മറുപടി ലഭിച്ചിട്ടുള്ളത്. പൊറത്തിശ്ശേരി മേഖലാ കാര്യാലയത്തിന്റെ X/ 481-ാം നമ്പർ മുറി 2014-15 മുതൽ ഒഴിഞ്ഞുകിടക്കുന്നു.

ലേല നടപടികൾക്ക് വ്യാപകമായി പ്രചാരണം നൽകേണ്ടതും നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഒഴിഞ്ഞുകിടക്കുന്ന കെട്ടിടമുറികൾ ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. മാർക്കറ്റ് സ്റ്റാളിൽ XIV/515 -ാം നമ്പർ കെട്ടിടമുറി വാടകയ്ക്ക കൊടുത്തിട്ടുള്ള ശ്രീമതി ഷീബ ലാൽ തോമസ്, പാലത്തിങ്കൽ ഹൗസ് എന്ന വ്യക്തിയിൽ നിന്നും 2017-18 വർഷത്തിൽ 2500/- രൂപ നിരക്കിൽ വാടക ഈടാക്കിയിട്ടുണ്ട്. എന്നാൽ 2018-19 വർഷത്തിൽ കുറഞ്ഞ നിരക്കിലാണ് (2050/- രൂപ) വാടക ഈടാക്കിയത്. മേൽ വിഷയത്തിൽ തെറ്റു സംഭവിച്ചതാണെന്നാണ് മറുപടി ലഭിച്ചത്. മേൽ അപാകത തിരുത്തേണ്ടതും യഥാർത്ഥ നിരക്കിലുള്ള വാടക ഈടാക്കേണ്ടതുമാണ്.

3. ഫയൽ നം.797/12, വാടക രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ മുനിസിപ്പൽ ഓഫീസ് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന X/200 നമ്പർ കെട്ടിടം എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ II/ എന്ന കാര്യാലയത്തിന് വാടകയ്ക്ക് നൽകിയിട്ടുള്ളതാണ്. ടി കെട്ടിടത്തിന് 2011-12 ൽ ചുമത്തിയിരുന്ന വാടക 2125/- രൂപയാണെന്നും 2012-13 മുതൽ വർദ്ധനവ് വരുത്തുന്നുണ്ടെങ്കിലും 2011-12 ലെ ഫീസ് തന്നെയാണ് ഇപ്പോഴും അടവാക്കുന്നതെന്നും ഫയൽ പ്രകാരം (10.07.2019 ൽ നഗരസഭ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ച നോട്ടീസ്) കാണുന്നു. 2012-13 മുതലുള്ള കുടിശികയായ 51000/- രൂപ അടവാക്കാനും നോട്ടീസിൽ പരാമർശിച്ചിട്ടുണ്ട്.

എന്നാൽ 2018-19 രജിസ്റ്റർ പ്രകാരം ഡിമാന്റ് തുക 2774/- എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി കെട്ടിടത്തിന് വാടകയായി 2018-19 വർഷത്തിൽ 21636/- (1803/- രൂപ നിരക്കിൽ X 12) രൂപയാണ് അടവാക്കിയത്. 2016-17, 2017-18 വർഷങ്ങളിൽ 1806/- രൂപ വീതമാണ് ഈടാക്കിയിട്ടുള്ളത്. മേൽ കണക്കുകളിലെ കൃത്യത പരിശോധിക്കേണ്ടതും യഥാർത്ഥത്തിലുള്ള കുടിശ്ശിക ഈടാക്കേണ്ടതുമാണ്. ടി കെട്ടിടം കെ.എസ്.ഇ.ബി. വിഭാഗത്തിന് 2011-12 മുതൽ ലഭ്യമാക്കിയതിന്റെ ഉടമ്പടി പത്രങ്ങളും 2011-12 മുതൽ 2018-19 വരെ അടവാക്കിയ വാടകയുടെ വിശദാംശങ്ങളും ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ഹാജരാക്കാത്തതിനാൽ ഈയിനത്തിലുള്ള നഷ്ടം കണക്കാക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ കരാർ ഉടമ്പടി സമർപ്പിക്കാത്തതിനാലാണ് ഇത്തരം അപാകതകൾ സംഭവിക്കാനിടയായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

4. നഗരസഭാകെട്ടിടങ്ങൾ വാടകയ്ക്ക് നൽകിയതിൽ 2018-19 വർഷത്തിൽ 20 പേർ എഗ്രിമെന്റ് സമർപ്പിച്ചിട്ടില്ല. പൊറത്തിശ്ശേരി മേഖലാ കാര്യാലയത്തിന്റെ ഉടമസ്ഥതയിൽ 32 കടമുറികൾ ഉള്ളതിൽ 31 എണ്ണം വാടകയ്ക്ക് കൊടുത്തിട്ടുണ്ട്. ആയതിൽ 16 എണ്ണത്തിന് മാത്രമാണ് കരാർ ഉടമ്പടികൾ ഒപ്പുവെച്ചിട്ടുള്ളത്.

കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 215(3) പ്രകാരം എല്ലാ ലൈസൻസികളും കെട്ടിടത്തിന്റെ ഉപയോഗം, വാടക / ഫീസിന്റെ നിരക്ക്, അടവാക്കേണ്ട സമയം എന്നിവ സംബന്ധിച്ച് മുദ്രപത്രത്തിൽ കരാറിലേർപ്പെടേണ്ടതാണ്.

5. 2018-19 ലെ ഡി.സി.ബി. പത്രികയിൽ താഴെപ്പറയും പ്രകാരം കുടിശ്ശിക ലഭിക്കാനുള്ളതായി കാണുന്നു.

| ക്രമ നം. | കെട്ടിടം | കുടിശ്ശിക |
|---|---|---|
| 1 | മുനിസിപ്പൽ ഓഫീസ് കോമ്പൗണ്ട് | 11652 |
| 2 | മുനിസിപ്പൽ റസ്റ്റ് ഹൗസ് മുറികൾ | 8143 |
| 3 | റാണാ ടൂറിസ്റ്റ് ഹോം ഒന്നാം നില | 6908 |
| 4 | മാർക്കറ്റ് സ്റ്റാൾ | 3736 |
| 5 | പച്ചക്കറി സ്റ്റാൾ | 7658 |
| 6 | മത്സ്യ മാംസ മാർക്കറ്റ് | 4949 |
| 7 | പെട്ടിക്കടകൾ | 3040 |
| 8 | ഫിഷ് മാർക്കറ്റ് സ്റ്റാൾ | 9260 |
| ആകെ | | 55346 |

മേൽ സൂചിപ്പിച്ച അപാകതയിൽ മുനിസിപ്പൽ ഓഫീസ് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന കെ.എസ്.ഇ.ബി കെട്ടിടത്തിന്റെ അടവ് വിവരങ്ങൾ തെറ്റായാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയതുകൂടി ഉൾപ്പെടുത്തി കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്.

6. നഗരസഭാ കെട്ടിടങ്ങൾ, മൈതാനം എന്നിവ വാടകയ്ക്ക് നൽകുന്നതിന് ബൈലോ തയ്യാറാക്കിയിട്ടില്ല.

7. മുനിസിപ്പൽ റെസ്ററ് ഹൗസ് മുറികൾ വാടകയ്ക്ക കൊടുത്തതിൽ V/252-ാം നമ്പർ മുറി വാടകയ്ക്ക് ലഭിച്ചിട്ടുള്ള ശ്രീ.ബൈജു ആന്റണി എന്ന വ്യക്തിയ്ക്ക് 2017-18 വർഷത്തിൽ 25,506/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. ടി കുടിശ്ശിക പിഴ സഹിതം ഈടാക്കിയിട്ടില്ല.

8. പൊറത്തിശ്ശേരി മേഖലാ കാര്യാലയത്തിന്റെ X/ 491-ാം നമ്പർ മുറി ശ്രീ ഷാജു ടി ജി എന്ന വ്യക്തിയ്ക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്. ടിയാൻ 07/18 മുതൽ വാടക (1822+ 328 tax) അടവാക്കിയിട്ടില്ല.

നഗരസഭയുടെ പ്രധാന നികുതിയേതര വരുമാനമായ വാടകയിനത്തിലുള്ള വരവ് പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

## 1-21 ലേലനടപടികൾ സുതാര്യമാക്കേണ്ടതാണ്

നഗരസഭയുടെ ഉടമസ്ഥതയിലും കൈവശത്തിലുള്ളതുമായ ബസ്സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ, കിഴക്കേ മാർക്കറ്റ്, പടിഞ്ഞാറേ മാർക്കറ്റ്, ഈവനിംഗ് മാർക്കറ്റ്, ഗാന്ധിഗ്രാം ഗ്രൗണ്ട്, ഫലവൃക്ഷങ്ങൾ, സോഡിയം വേപ്പർ ലാമ്പ് -പരസ്യം പതിക്കൽ

എന്നിവയിൽ നിന്നുള്ള ആദായം / ഫീസ് പിരിക്കുന്നതിന് 15.02.2018 ന് നടന്ന പൊതുലേലം / ടെണ്ടറിൽ ആകെ 2 ഇനങ്ങളിൽ (കംഫർട്ട് സ്റ്റേഷൻ, സോഡിയം വേപ്പർ ലാമ്പ് -പരസ്യം പതിക്കൽ ) മാത്രമാണ് ലേലം നടന്നത്. ബാക്കി ഇനങ്ങളിൽ ലേലം ആരും വിളിക്കാത്തതിനാൽ കൗൺസിൽ തീരുമാന പ്രകാരം (17.02.2018ലെ 25-ാം നമ്പർ തീരുമാനം) പുനർലേലം നടത്തിയെങ്കിലും ബസ്സ്റ്റാന്റ് പിരിവ്, ഈവനിംഗ് മാർക്കറ്റ് എന്നീയിനങ്ങളിൽ ലേലം ആരും തന്നെ വിളിച്ചില്ല. ടി സാഹചര്യത്തിൽ 23.3.2018 ലെ 11-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം പ്രസ്തുത ഇനങ്ങളിൽ ഓഫർ ക്ഷണിക്കുന്നതിന് തീരുമാനമായി. ക്രമനം. 1 ൽ ഉയർന്ന നിരക്കിൽ ഓഫർ നൽകിയ (10,54,000/-രൂപ) ശ്രീ.കെ.കെ.വിശംഭരൻ, കോവിൽ പറമ്പിൽ എന്ന വ്യക്തിക്കാണ് ബസ്സ്റ്റാന്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലഭിച്ചത്. 2017-18 വർഷത്തിൽ ടിയിനത്തിൽ ലേലം നടന്നിട്ടുള്ളത് 14,15,000/- രൂപയ്ക്കാണ്. 2018-19 സാമ്പത്തിക വർഷത്തേയ്ക്ക് മേൽ പരാമർശിച്ച കുത്തകലേലങ്ങൾ നടത്തുന്നതിന് നഗരസഭ വ്യാപകമായ പ്രചാരണം നടത്തിയിരുന്നോ എന്നതിന് ഓഡിറ്റ് അന്വേഷണകുറിപ്പ് [ഓഡിറ്റ് എൻക്വയറി 5 തീയതി 13.01.2020] നൽകിയതിൽ ദേശാഭിമാനി പത്രത്തിലും വെബ്സൈറ്റിലും പരസ്യം നൽകിയിരുന്നു എന്നാണ് മറുപടി നൽകിയത്.

മുനിസിപ്പാലിറ്റിയുടെ ലേലനടപടികൾ സുതാര്യമായും കാര്യക്ഷമമായും നടത്തുന്നതിന് 22.07.2011 ലെ 30270/എഫ്.എം3/07/ത.സ്വ.ഭ.വ. നം. സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഓരോ വർഷത്തെയും ലേലത്തെ സംബന്ധിച്ച വിവരങ്ങൾ (ഇനങ്ങൾ, ലേലം നടക്കാൻ സാധ്യതയുള്ള തീയതി, മുൻ വർഷത്തെ ലേലത്തുക) വാർഡ് സഭകളിൽ അവതരിപ്പിക്കണം. ജില്ലയിൽ വ്യാപകമായി പ്രചാരമുള്ള 3 ദിനപത്രങ്ങളിലും വെബ്സൈറ്റിലും പരസ്യം നൽകേണ്ടതാണ്. ലേലവിജയിയുടെ പേരും ലേലം കൈക്കൊണ്ട തുകയും പ്രദർശിപ്പിക്കുകയും ചെയ്യേണ്ടതാണ്.

## 1-22 നഗരസഭയുടെ കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല – ആയവ പ്രവർത്തനക്ഷമമാക്കി പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കേണ്ടതാണ്

ഫയൽ നം 8157/15

1. ജനകീയാസൂത്രണ പദ്ധതി പ്രകാരം (SC വനിതാ പ്രൊജക്ട് - പ്രൊജക്ട് നം.281/13 ) DC കോളനിയിൽ പണികഴിപ്പിച്ചിട്ടുള്ള വനിതാ വിപണന ക്രേന്ദവും സ്വയം തൊഴിൽ പരിശീലന ക്രേന്ദവും 22.08.2015 ലെ 16-ാം നമ്പർ തീരുമാനപ്രകാരം ലേലം ചെയ്യാൻ തീരുമാനിച്ചതായി കാണുന്നു. ടി ലേലത്തിൽ പങ്കെടുത്ത ശ്രീമതി ഷീല കൈപ്പാറ എന്ന വ്യക്തിയ്ക്ക് (08.06.2016ലെ 1-ാം നമ്പർ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം ) ലേലം ഉറപ്പിക്കാൻ തീരുമാനിച്ചു. ആയതിന് കൗൺസിൽ അംഗീകാരം നല്കുകിയിട്ടില്ല. 20.04.2018 ലെ 22-ാം നമ്പർ നമ്പർ കൗൺസിൽ തീരുമാനപ്രകാരം ടിയാളുടെ ലേലം കൊണ്ട നടപടി അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത രണ്ട് കെട്ടിടങ്ങളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുമില്ല.

2. മുകുന്ദപുരം തഹസിൽദാരുടെ 14.08.2017ലെ എ5-424/17 നമ്പർ കത്ത് പ്രകാരം അയ്യങ്കാവ് പട്ടിക ജാതി കോളനിയിലെ പട്ടിക ജാതി വികസന മന്ദിരം, എസ്.സി കൺസോർഷ്യം എന്നിവയുടെ നിലവിലെ നിജസ്ഥിതി സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി നഗരസഭാചെയർപേഴ്സണോട് നിർദ്ദേശിച്ചിട്ടുണ്ട്. ടി കെട്ടിടങ്ങൾ നിലവിൽ കാടുപിടിച്ച അവസ്ഥയിലാണെന്ന് റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തതായി ഫയലിലുണ്ട്.

പ്രസ്തുത രണ്ട് കെട്ടിടങ്ങളും നിലവിൽ പ്രവർത്തന രഹിതമാണെന്നും ആയതു പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും 31.08.2017 ലെ മറുപടിയിൽ നഗരസഭാചെയർപേഴ്സൺ മുകുന്ദപുരം തഹസിൽദാരെ അറിയിച്ചിട്ടുണ്ട്. പട്ടിക ജാതി കൺസോർഷ്യം സ്ഥിതിചെയ്യുന്ന സ്ഥലം നിർമ്മാണത്തിനു വേണ്ടി പ്രത്യേകം രൂപീകരിച്ചിട്ടുള്ള സൊസൈറ്റിയുടെ പേരിലാണ് വാങ്ങിയിട്ടുള്ളതെന്നും ആയത് നഗരസഭയുടെ പേരിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും അറിയിച്ചിട്ടുണ്ട്.

3. 2013 ലെ പദ്ധതി സ്റ്റേറ്റ്മെന്റ് പ്രകാരം (സുലേഖ പത്രിക) പ്രോജക്ട് നം. 270/13- എസ്.സി വനിതകൾക്ക് വ്യവസായ കേന്ദ്രം, പ്രോജക്ട് നം. 280/13 – ജവഹർ കോളനിയിൽ വനിതാ ട്രെയിനിംഗ് സെന്റർ നിർമ്മാണം എന്നീ പദ്ധതികൾക്ക് തുക ചെലവഴിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

[ഓഡിറ്റ് എൻകയറി 27 തീയതി 16.01.2020]

ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്ത എസ്.സി വനിതകൾക്കുള്ള വ്യവസായ കേന്ദ്രം, ജവഹർ കോളനിയിലെ ട്രെയിനിംഗ് സെന്റർ, ഡി.സി. കോളനിയിലെ വനിതാവിപണന കേന്ദ്രം, സ്വയം തൊഴിൽ നിർമ്മാണകേന്ദ്രം, ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്ത നഗരസഭയുടെ മറ്റ് കെട്ടിടങ്ങൾ എന്നിവ കൂടി ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതും ആയവ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ പ്രവർത്തനസജ്ജമാക്കേണ്ടതുമാണ്.

മേൽ പരാമർശങ്ങളിൽ സ്വീകരിച്ച തുടർനടപടികളെക്കുറിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-23 താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, ഇരിഞ്ഞാലക്കുട

പ്രൊജക്ട് നം.- S0055/19

അടങ്കൽ തുക - 5,00,000/-

ട്രഷറി ബിൽ നമ്പർ / തുക 23/18-19 c/o 19.12.2018 296091/-

24/18-19 c/o 19.12.2018 145935/-

25/18-19 c/o 27.03.2019 57958/-

ആകെ 499984/-

ട്രഷറി ബിൽ നം. 23/18-19 പ്രകാരം 296091/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ടെങ്കിലും ആയതിൽ 110063/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. 186028/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായില്ല. ബാക്കി മരുന്നുകൾ കൂടി ലഭ്യമാക്കാനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

[ഓഡിറ്റ് എൻകയറി 9 തീയതി 14.01.2020]

## 1-24 പ്രോജക്റ്റ് നടപ്പാക്കുന്നതിൽ കാലതാമസം-ലാപ് ടോപ്പ് വിതരണം -2017-18 ലേയും 2018-19 ലേയും ഗുണഭോക്താക്കളായുള്ള വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം ചെയ്തത് മാർച്ച് 2019 ൽ.

പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിന് 2018-19 ൽ രണ്ട് പ്രോജക്റ്റുകൾ നടപ്പാക്കുകയുണ്ടായി. ഇതിൽ ഒന്ന് 2017-18 ലെ സ്പിൽ ഓവർ പ്രോജക്റ്റ് 2018-19 ൽ നടപ്പാക്കിയതും രണ്ടാമത്തേത് 2018-19 ലെ തൻവർഷ പ്രോജക്റ്റുമായിരുന്നു. പ്രോജക്റ്റുകളും ആയതിന്റെ ചെലവ് വിവരങ്ങളും ചുവടെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ- പട്ടികജാതി വികസന ഓഫീസർ

1. പ്രോജക്റ്റ് വിവരങ്ങൾ;

| പ്രോജക്റ്റ് നമ്പർ | പേര് | ചെലവ് | കുറിപ്പ് |
|---|---|---|---|
| 317/19 | ബിരുദ ബിരുദാനന്തര വിദ്യാർത്ഥകൾക്ക് ലാപ്ടോപ്പ് | 7,51,750 | 24,250രൂപയുടെ 31 ലാപ്ടോപ്പുകൾ വിതരണം ചെയ്തു. |
| 438/19 | വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (സ്പിൽ ഓവർ) | 11,39,750 | 24,250രൂപയുടെ 47 ലാപ്ടോപ്പുകൾ വിതരണം ചെയ്തു. |

2. ചെലവ് വിവരങ്ങൾ;

| പ്രൊജക്റ്റ് | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | ഇൻവോയ്സ് വിവരങ്ങൾ സ്ഥാപനം. മലബാർ എക്യുപ്മെന്റ്സ് ആന്റ് ജനറൽ ട്രേഡേഴ്സ് (പ്രി)ലി. | | | |
|---|---|---|---|---|---|---|---|
| | | | | നമ്പർ | തീയതി | തുക | വിവരങ്ങൾ |
| 317/19 | MP28/18-19 | 27/3/2019 | 7,51,750 | CLT18111524 | 14/3/2019 | 7,51,750 | 31 ലാപ്ടോപ്പുകൾ 24,250 രൂപ നിരക്കിൽ |
| 438/19 | MP27/18-19 | 27/3/2019 | 2,42,500 | ഹാജരാക്കിയിട്ടില്ല. | | | 10 ലാപ്ടോപ്പുകൾ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | 24250 രൂപ നിരക്കിൽ |
| | MP29/18-19 | 27/3/2019 | 8,97,250 | CLT18111687 | 31/3/2019 | 8,97,250 | 37 ലാപ്ടോപ്പുകൾ 24,250 രൂപ നിരക്കിൽ |

i. 2017-18 ലെ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് 3/2019 ൽ മാത്രമാണ് ലാപ്ടോപ്പ് വിതരണം ചെയ്തത്. ഈ പ്രോജക്റ്റിന് 6/17 ൽ തന്നെ അംഗീകാരം ലഭിച്ചതായി കാണുന്നു. എന്നാൽ ടെണ്ടർ നടപടികൾ യഥാസമയം ആരംഭിക്കാതെ 2/18 ൽ കെൽട്രോണിന് സപ്ലൈ ഓർഡർ നല്കുകയും എന്നാൽ അവശ്യമായ സ്പെസിഫിക്കേഷൻ ഉള്ള ലാപ്ടോപ്പുകൾ കെൽട്രോണിൽ നിന്നും ലഭ്യമല്ലാത്തതിനാൽ തുടർന്ന് 2017-18 ൽ ടി പദ്ധതി നടപ്പാക്കാനായില്ല എന്നും കാണുന്നു. പിന്നീട് 2018-19 ലെ ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പ്രോജക്റ്റിനോടൊപ്പം ടെണ്ടർനടപടി സ്വീകരിച്ച് ലാപ്ടോപ്പ് വിതരണം ചെയ്യുകയായിരുന്നു. വിദ്യഭ്യാസപരമായ ആവശ്യത്തിന് വേണ്ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നല്കുന്ന പ്രോജക്റ്റ് യഥാസമയം തുടർപ്രവർത്തനം നടത്താതെ സ്പിൽ ഓവറായി അടുത്ത വർഷത്തെ സാമ്പത്തികവർഷാവസാനം നടപ്പാക്കിയത് പദ്ധതി നടത്തിപ്പിലെ വീഴ്ചയായി വിലയിരുത്തുന്നു.

ii. 2018-19 ലെ ലാപ്ടോപ്പ് വിതരണ പ്രോജക്റ്റിനും 2017-18 ലെ സ്പിൽ ഓവർ പ്രോജക്റ്റിനും 4/18 നും 5/18 നും അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ നടപടികൾ ആരംഭിക്കുന്നത് 1/19 ന്റ് മാത്രമാണ്. ടെണ്ടർ നടപടികൾ കൗൺസിൽ അംഗീകാരത്തിനുശേഷം 2/19 നുമാണ് സപ്ലൈ ഓർഡർ നല്കുന്നത്. ലാപ്ടോപ്പ് ലഭിച്ചത് 3/19 ലുമാണ്. വിദ്യാഭ്യാസപ്രോജക്റ്റുകളുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ ഗുണഭോക്താക്കളായുള്ള വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ അതാത് വർഷം സെപ്റ്റംബർ ഒക്ടോബർ മാസത്തോടെ പൂർത്തീകരിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടില്ല. ഈ വിഷയത്തിലേക്ക് കൌൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

iii പ്രോജക്റ്റ് 438/19 ന്റെ ഭാഗമായി 10 ലാപ്ടോപ്പുകൾ വാങ്ങിയതിന്റെ ഇൻവോയ്സ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇൻവോയ്സ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഇൻവോയ്സ് ഹാജരാക്കുന്നതു വരെ ചെലവ് തുക 242500/- രൂപ തടസ്സപ്പെടുത്തുന്നു.

iv പ്രോജക്റ്റ് 438/19 ന്റെ ഭാഗമായി ആകെ 11,39,750/- രൂപയുടെ കരാർ ഈ പ്രോജക്റ്റ് പ്രകാരം ഉള്ളതിനാൽ ആയതിന്റെ ഭാഗമായി 10 ലാപ്ടോപ്പ് വാങ്ങിയതിന്റെ തുക, 2,42,500/- രൂപ നൽകുമ്പോൾ ആ ഇൻവോയ്സിൽ ചരക്കു സേവന നികുതി ഒഴിവാക്കിയുള്ള തുകയിൽ നിന്ന് കേന്ദ്ര ചരക്കു നികുതി നിയമം 2017 വകുപ്പ് 51 (1)പ്രകാരം 1%, കേരള ചരക്കു സേവന നികുതി നിയമം 2017 വകുപ്പ് 51(1)പ്രകാരം 1% എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്യാതെ മുഴുവൻ തുകയും (അതായത് 2,42,500/- രൂപയും) നല്കിയിട്ടുണ്ട്. തുകകൾ നല്കുമ്പോൾ മേൽ പ്രകാരം നിയമ പ്രകാരമുള്ള റിക്കവറി തുകകൾ ഈടാക്കി, അടവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-25 വിദ്യാർത്ഥികൾക്ക് സ്റ്റഡി റൂം- പദ്ധതി നടത്തിപ്പിലെ അപാകതകൾ-7,50,000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ്- എസ് ഒ 319/19- എസ് സി വിദ്യാർത്ഥികൾക്ക് പഠന മുറി
നിർവ്വഹണോദ്യോഗസ്ഥൻ- പട്ടികജാതി വികസന ഓഫീസർ

| ക്ര.ന | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക |
|---|---|---|---|
| 1 | MP3/18-19 | 30/11/2018 | 2,00,000 |
| 2 | MP4/18-19 | 19/12/2018 | 50,000 |
| 3 | MP5/18-19 | 22/1/2019 | 50,000 |
| 4 | MP8/18-19 | 5/2/2019 | 1,00,000 |
| 5 | MP17/18-19 | 8/3/2019 | 1,00,000 |
| 6 | MP18/18-19 | 8/3/2019 | 1,00,000 |
| 7 | MP30/18-19 | 25/3/2019 | 1,00,000 |
| 8 | MP33/18-19 | 27/3/2019 | 50,000 |
| | ആകെ | | 7,50,000 |

മേൽ പ്രോജക്റ്റ് പ്രകാരം പഠനമുറി പണിയുന്നതിന് 5 ഗുണഭോക്താക്കൾക്ക് ധനസഹായം നല്കിയിട്ടുണ്ട്.പ്രോജക്റ്റ് നടത്തിപ്പിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ കാണുന്നു.
i.പഠനമുറി നിർമിക്കുന്നതിന് ഗുണഭോക്താക്കൾ നഗരസഭയിൽ നിന്ന് ലഭ്യമാക്കിയ NOC/ പെർമിറ്റ് ഇല്ലാതെയാണ് അഡ്വാൻസ് തുക നൽകിയിരിക്കുന്നത് .
ii.പൂർത്തീകരിച്ച പ്രവൃത്തി, ക്ഷമതയുള്ള ഉദ്യോഗസ്ഥൻ വാല്യുവേഷൻ നടത്താതെയാണ് ഫൈനൽ തുക അനുവദിച്ചിരിക്കുന്നത്.
iii.മേൽ പ്രോജക്റ്റ് പ്രകാരം ശ്രീ കെ പി ബാബുവിന് 50,000 രൂപ പഠനമുറി പണിയുന്നതിനായി നൽകിയിരുന്നു.(ട്രഷറി ബിൽ നമ്പർ MP3/18-19 തീ 30/11/2018- 2,00,000രൂപ) എന്നാൽ നാളിതുവരെ ശ്രീ ബാബു പഠനമുറി പൂർത്തീകരിച്ചിട്ടില്ലാത്തതാകുന്നു.പണി പൂർത്തീകരിക്കുന്നതിനോ അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്.
iv തുക നൽകുമ്പോൾ കൈപ്പറ്റ് രസീത് അല്ലെങ്കിൽ തുക ഗുണഭോക്താവിന് ലഭ്യമായി എന്ന് ഉറപ്പാക്കുന്നതിന് UTR ലഭ്യമാക്കുന്നില്ല.
മേൽ അപാകതകൾ പരിഹരിക്കുന്നതുവരെ ചെലവ് തുക 7,50,000 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി 13 തീ 14/1/2020,14 തീ 15/1/2020)

# 1-26 ബിരുദ ബിരുദാനന്തര പ്രൊഫഷണൽ വിദ്യഭ്യാസത്തിന് ധനസഹായം-അധികമായി അനുവദിച്ച 5000 രൂപ നിരാകരിക്കുന്നു.

പ്രോജക്റ്റ് എസ് ഒ 320/19
ബിരുദ ബിരുദാനന്തര പ്രൊഫഷണൽ വിദ്യഭ്യാസത്തിന് ധനസഹായം
നിർവ്വഹണോദ്യോഗസ്ഥൻ- പട്ടികജാതി വികസന ഓഫീസർ

മേൽ പ്രോജക്റ്റ് പ്രകാരം മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമ കോഴ്സ് (പ്രിൻസിപ്പാൾ നല്കിയ D2/435/2018 തീ 5/10/2018 നമ്പർ സർട്ടിഫിക്കറ്റ് )പഠിക്കുന്ന വിദ്യാർത്ഥിയായ ശ്രീ ജിൻഷോയ് എം.എസ് ന് 25,000 രൂപ ധനസഹായം നല്കിയിട്ടുണ്ട്.(ട്രഷറി ബിൽ നമ്പർ MP2/18-19 തീ 30/11/2018- 2,00,000 രൂപ). സർക്കാർ ഉത്തരവ് (കൈ)നമ്പർ 22/18 ത.സ്വ.ഭ.വ തീ 14.02.2018 ഖണ്ഡിക 7.2.5 ൽ ക്ര.ന 6 ലെ നിർദ്ദേശപ്രകാരം പോളിടെക്നിക് വിദ്യാർത്ഥികൾക്ക് 20,000 രൂപയാണ് നല്കാനാവുന്നത്. കൂടുതലായി നൽകിയ 5,000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് ഗുണഭോക്താവിൽ നിന്ന് ഈടാക്കേണ്ടതാണ്. (ധനസഹായം 25,000 ആയി ഉയർത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ സർക്കാർ ഉത്തരവ് ഹാജരാക്കേണ്ടതാണെന്നും

അല്ലാത്തപക്ഷം 5,000 രൂപ ഗുണഭോക്താവിൽ നിന്നും ഈടാക്കേണ്ടതാണെന്നും ഓഡിറ്റ്എൻക്വയറി മുഖേന അറിയച്ചതിനെ തുടർന്ന് തുക തിരികെ ഈടാക്കുന്നതാണെന്ന് നിർവ്വഹണോദ്യഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി 13 തീയ്യതി 14/1/2019)

## 1-27 സിഡ്കോയുടെ ഉത്പന്നമല്ലാത്ത "Ocean water tank" ടെണ്ടർ കൂടാതെ സിഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങി.

പ്രോജക്റ്റ്- എസ് ഓ 321/19

പട്ടികജാതി കുടുംബങ്ങൾക്ക് PVC വാട്ടർ ടാങ്ക്
നിർവ്വഹണോദ്യോഗസ്ഥൻ- പട്ടികജാതി വികസന ഓഫീസർ

ചെലവ് വിവരങ്ങൾ

| ട്രഷറി ബിൽ നമ്പർ/ചെക്ക് നമ്പർ | തീയ്യതി | തുക | തുക കൈപ്പറ്റിയത് | ഇൻവോയ്സിന്റെ വിവരങ്ങൾ | | | |
|---|---|---|---|---|---|---|---|
| | | | | നമ്പർ | തീയ്യതി | തുക | കുറിപ്പ് |
| MP-31/18-19 | 27/3/2019 | 72,332 | സിഡ്കോ- 151 വാട്ടർ ടാങ്കുകൾ 3710 രൂപ നിരക്കിൽ വിതരണം നടത്തിയതിന് നൽകിയത് | OLR/2018-19/465 | 27/3/2019 | 18,550 | 5 വാട്ടർടാങ്കുകൾ |
| ചെക്ക് 075204, എസ്.ബി.ഐ (ഗുണഭോക്തൃ വിഹിതം) | 30/3/2019 | 1,40,128 | | OLR/2018-19/464 | 21/3/2019 | 77,910 | 21 വാട്ടർടാങ്കുകൾ |
| MP-1/19-20 | 31/5/2019 | 3,47,750 | | OLR/2018-19/463 | 21/3/2019 | 4,63,750 | 125 വാട്ടർടാങ്കുകൾ |
| ആകെ | | 5,60,210 | | 5,60,210 | | | |

മേൽ പ്രോജക്റ്റ് പ്രകാരം സിഡ്കോയിൽ നിന്ന് 3710 രൂപയുടെ 151 എണ്ണം " OCEAN WATER TANK ISI 500 LTR 2 LAYERS " ബ്രാൻഡിലുള്ള വാട്ടർടാങ്കുകൾ നേരിട്ട് ,ടെണ്ടർ കൂടാതെ വാങ്ങുകയും 928 ( വിലയുടെ 25%) രൂപ ഗുണഭോക്തൃ വിഹിതം അടച്ച ഗുണഭോക്താക്കളായ പട്ടികജാതി കുടുംബങ്ങൾക്ക് 75 % സബ്സിഡി നിരക്കിൽ വിതരണം നടത്തുകയുമുണ്ടായി.പ്രോജക്റ്റ് നടത്തിപ്പിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ കാണുകയുണ്ടായി.

i. പ്രോജക്റ്റ് പ്രകാരം ടെണ്ടർ മുഖേനയാണ് വാട്ടർ ടാങ്കുകൾ വാങ്ങാൻ നിർദ്ദേശിച്ചിട്ടുള്ളത്.എന്നാൽ ടെണ്ടർ നടപടികൾ സ്വീകരിക്കാതെ നേരിട്ട് വാങ്ങുകയാണുണ്ടായത്. സിഡ്കോയിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ വാങ്ങാൻ നിർവ്വഹണോദ്യഗസ്ഥന് കൗൺസിൽ അനുമതി നല്കിയതായി കാണുന്നില്ല.

ii.സർക്കാർ ഉത്തരവ് (സാധാ)24/2018 എസ്.പി.ഡി തീ 28/6/2018 പ്രകാരം സിഡ്കോ നിർമ്മിക്കുന്നതും റേറ്റ് കോൺട്രാക്റ്റ് നിലവിലുള്ളതുമായ മരം, സ്റ്റീൽ, ആശുപത്രി ഫർണിച്ചറുകളാണ് ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതിയുള്ളത്. ഈയിനങ്ങളും അവയുടെ നിരക്കും സർക്കാർ ഉത്തരവ് (സാധാ)26/15 എസ്.പി.ഡി തീ 28/5/2015 പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ഇവയിൽ പി.വി.സി വാട്ടർ ടാങ്കുകൾ ഉൾപ്പെടുന്നില്ല. മാത്രമല്ല സിഡ്കോ നിർമ്മിക്കുന്ന ഉത്പന്നങ്ങൾക്ക് മാത്രമെ പൊതുമേഖലാ സ്ഥാപനമെന്ന

നിലയിൽ ടെണ്ടർ നടപടികളിൽ നിന്ന് ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. ഓഷ്യൻ പോളിമേഴ്സ് എന്ന സ്ഥാപനമാണ് “OCEAN WATER TANK” നിർമിക്കുന്നത്, സിഡ്കോ അല്ല. ആയതിനാൽ സിഡ്കോയിൽ നിന്നും “OCEAN WATER TANK” എന്ന ഉത്പന്നം ടെണ്ടർ നടപടികൾ കൂടാതെ വാങ്ങിയത് ശരിയായ നടപടിയല്ല.

( സിഡ്കോയുടെ എം.ഡി/ ഒ.എൻ ആർ /രജിസ്ട്രേഷൻ/18-19 തീയ്യതി 1.11.2018 നമ്പർ കത്ത് പ്രകാരം പ്ലാസ്റ്റിക്, പോളിമേഴ്സ് ഉത്പന്നങ്ങളുടെ ഉത്പാദകരുടെ /വിതരണക്കാരുടെ എം പാനൽമെന്റ് പട്ടികയിൽ മെ.ഓഷ്യൻ പോളിമേഴ്സ് എന്ന സ്ഥാപനത്തിനെ ഉൾപ്പെടുത്തിയതായി കാണുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് ടെണ്ടർ നടപടികൾ കൂടാതെ സ്ഥാപനത്തിൽ നിന്നും വാട്ടർ ടാങ്ക് വാങ്ങിയതെന്ന് കാണുന്നു. എന്നാൽ സിഡ്കോ ഉത്പാദിപ്പിക്കാത്ത ഉത്പന്നങ്ങളെ ടെണ്ടർ നടപടികളിൽ നിന്ന് ഒഴിവാക്കാനാകില്ല.)

അടങ്കൽ തുക 5,00,000 അധികരിച്ച മേൽ പ്രോജക്റ്റിന് നിർവ്വഹണോദ്യോഗസ്ഥൻ ഇ ടെണ്ടർ നടപടികൾ സ്വീകരിക്കുകയായിരുന്നു വേണ്ടിയിരുന്നത്. സിഡ്കോയിൽ നിന്ന് സ്വകാര്യ സ്ഥാപനത്തിന്റെ ഉത്പന്നം നേരിട്ട് വാങ്ങിയത് സ്റ്റോർ പർച്ചേസ് മാനൽ പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ് എന്നും മത്സരാധിഷ്ഠിതമായ കുറഞ്ഞ നിരക്കിൽ ഉത്പന്നം ലഭ്യമാകാനുള്ള സാധ്യത ഒഴിവാക്കി സ്വകാര്യ സ്ഥാപനത്തിന്റെ ഉത്പന്നത്തിന് നേട്ടമുണ്ടാക്കിയെന്നും ഓഡിറ്റിൽ വിലയിരുത്തുന്നു. ഇപ്രകാരമുള്ള അപാകതകൾ ഒഴിവാക്കുന്നതിലേക്കായി വിഷയത്തിലേക്ക് കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു. (ഓഡിറ്റ് എൻകചയറി 13 തീ 14/1/2020)

## 1-28 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ്-കരാർ വ്യവസ്ഥകളിൽ അവ്യക്തത-ചെയ്ത പ്രവൃത്തി കണക്കാക്കാതെ തുക നല്കി-43,96,430 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് 310/19- സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപണികൾ

ഫയൽ-17813/15
നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

ചെലവ് വിവരങ്ങൾ

| ക്ര.ന | ട്രഷറി ബിൽ ക്രമ നമ്പർ | തീയ്യതി | തുക |
|---|---|---|---|
| 1 | 8 | 31/5/2018 | 4,00,000 |
| 2 | 20 | 27/7/2018 | 6,99,107 |
| 3 | 45 | 29/12/2018 | 13,00,893 |
| | | | |

| | | | |
|---|---|---|---|
| 4 | 60 | 21/3/2019 | 5,30,953 |
| 5 | 79 | 27/3/2019 | 14,65,477 |
| | | | 43,96,430 |

മുനിസിപ്പാലിറ്റിയിലെ തെരുവുവിളക്കുകളുടെ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് ചെയ്യുന്നതിന് ഇ ടെണ്ടർ നടപടികൾ മുഖേന തെരെഞ്ഞെടുക്കപ്പെട്ട "Eran Associates" എന്ന സ്ഥാപനവുമായി AMC അടിസ്ഥാനത്തിൽ കരാറിലേർപ്പെട്ടിട്ടുണ്ട്. ടെണ്ടർ നോട്ടീസ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. Item rate BOQ അടിസ്ഥാനമാക്കിയാണ് ടെണ്ടർ ക്ഷണിച്ചിരിക്കുന്നത്. ടെണ്ടറിൽ കുറവ് നിരക്ക് ക്വാട്ട് ചെയ്തതിനാൽ " Eran Associates" എന്ന സ്ഥാപനത്തെ തെരെഞ്ഞടുത്തു. 02/3/2018 ൽ ഏർപ്പെട്ട കരാറിലെ വ്യവസ്ഥകളിലെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു. (സ്റ്റാമ്പ് പേപ്പർ തീയ്യതി 5.3.2018 ആകുന്നു.) "where as the contractor has agreed with secretary Irinjalakkuda Municipality to ***execute and complete the work described in the schedule herewith attached at the prices in such schedule mentioned and inconfirmity with the specification in such schedule within a period of 1 year commencing from today*** for a contract amount of Rs 43,96,431( forty three lakh ninety six thousand four hundred and thirty one) for one year (19/3/2018 to 18/3/2019)"

കരാറിന്റെ വ്യവസ്ഥ 12 ഇപ്രകാരം ചേർത്തിരിക്കുന്നു.

"12. The amount of contract will be paid to contractor as 4 installment in every 3 months and the payments in this regard should be given with most priority and if necessary advance payment shall be given to contractor as per request submitted."

കരാറിന്റെ അനുബന്ധമായി ചേർത്ത Agreement schedule ചുവടെ ചേർക്കുന്നു.(Item rate BOQ പ്രകാരം ക്വാട്ട് ചെയ്ത തുക)

| sl.no | Item description | qty | Rate | Amount |
|---|---|---|---|---|
| 01 | Automatic compact fluorescent lamp | 6387 | 499 | 31,87,113 |
| 02 | Sodium vapor lamp | 306 | 1999 | 6,11,694 |
| 03 | Tube lights | 1137 | 444 | 5,04,828 |
| 04 | LED | 209 | 444 | 92,796 |
| | Total amount | | | 43,96,431 |

മേൽ പ്രോജക്റ്റ് നടപ്പാക്കിയതിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ കാണുന്നു.

i.Item rate BOQ, കരാർ എന്നിവ പ്രകാരവും ഷെഡ്യൂളിൽ ചേർത്ത പ്രവൃത്തികളുടെ സ്പെസിഫിക്കേഷൻ പ്രകാരവും ആ ഷെഡ്യൂളിൽ ചേർത്ത വിലയ്ക്ക്, ഒരു വർഷത്തേക്ക് നിർവ്വഹിക്കുന്നതിനാണ് കരാർ. അതായത് ചെയ്ത പ്രവൃത്തികൾക്കാണ് തുക നല്കേണ്ടത്. എന്നാൽ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ ചെയ്തതിന്റെ കണക്കുകൾ പരിഗണിക്കാതെ മുഴുവൻ കരാർ തുകയും നല്കുകയാണ് ചെയ്തിരിക്കുന്നത്. എത്ര പ്രവൃത്തി ചെയ്തുവെന്നത് പരിഗണിക്കുകയോ കണക്കെടുക്കുകയോ ചെയ്തിട്ടില്ല. ഓരോ വാർഡുകളിലും റിപ്പയർ ചെയ്തവയുടെ എണ്ണം മുനിസിപ്പാലിറ്റി കണക്കാക്കുകയോ, കൗൺസിലറോ, ഉദ്യോഗസ്ഥരോ പ്രവൃത്തിയുടെ എണ്ണം സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല. കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി തുക അനുവദിച്ചതായി കാണുന്നു. (കരാർ വ്യവസ്ഥ 12 ഉം കരാറിന്റെ പ്രധാന അടിസ്ഥാന ഉള്ളടക്കവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. കരാർ തുക 4 തവണയായി നല്കണമെന്ന് ഈ വ്യവസ്ഥയിൽ പറയുന്നുണ്ട്. ടെണ്ടർ നോട്ടീസ് ഓഡിറ്റിന് ഹാജരാക്കിയില്ല. ആയതിനാൽ ടെണ്ടർ നോട്ടീസിൽ പ്രവൃത്തിയുടെ നിർവ്വചനം എപ്രകാരമാണെന്ന് വ്യക്തമല്ല.)

ii.എത്ര സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ട് എന്നുള്ളതിന് വാർഡ് അടിസ്ഥാനത്തിലുള്ള കണക്കുകൾ ഉള്ളതായി കാണുന്നില്ല.

iii.കരാർ വ്യവസ്ഥ 12 പ്രകാരം മുനിസിപ്പാലിറ്റിക്ക് അനുകൂലമല്ലാത്ത വ്യവസ്ഥകൾ ചേർത്തതായി കാണുന്നു.കരാറുകാരൻ ആവശ്യപ്പെടുന്ന പ്രകാരം മുൻകൂറുകൾ നല്കുന്നതിനും ഈ കരാറുകാരനുള്ള തുക നല്കലിന് മുൻഗണന നല്കണമെന്നും കരാർ വ്യവസ്ഥകളിൽ ഉൾപ്പെടുന്നു. നിലവിലെ കരാറനുസരിച്ച് മുൻകൂർ നല്കിയിട്ടില്ലെങ്കിലും 6/18,9/18 എന്നീ മാസങ്ങളിൽ ഗഡുക്കൾ നല്കുന്നതിന് പകരം 5/18,7/18 എന്നീ മാസങ്ങളിൽ തുക അനുവദിച്ചിട്ടുണ്ട്.

ചെയ്ത പ്രവൃത്തിയുടെ കണക്ക് പരിശോധിക്കുന്നതിനോ അത് രേഖാമൂലം കണക്കാക്കുന്നതിനോ മുനിസിപ്പാലിറ്റി സംവിധാനം ഒരുക്കിയിട്ടില്ല. കരാറിലെ പ്രവൃത്തിയുടെ പ്രധാന നിർവ്വചനത്തിനു വിരുദ്ധമായി കരാർ തുക മുഴുവൻ കരാറുകാരന് ഗഡുക്കളായി നല്കുകയാണ് ചെയ്തത്. കരാർ ഷെഡ്യൂൾ പ്രകാരമുള്ള പ്രവൃത്തി ചെയ്തതിന്റെ കണക്കുകൾ ഹാജരാക്കുന്നതു വരെ ചെലവ് തുക 43,96,430 രൂപ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വറി 33 തീ 16/1/2020)

## 1-29 വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന സംയുക്ത പ്രോജക്റ്റുകൾക്ക് ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് | തുക | ട്രഷറി ബിൽ നമ്പർ | തിയ്യതി |
|---|---|---|---|---|
| 626 | സുശാന്തം | 1,00,000 | 35 | 24/11/2018 |
| 627 | വിജ്ഞാൻ സാഗർ | 2,00,000 | 36 | 24/11/2018 |
| | | 3,00,0000 | | |

പ്രോജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-30 പൊതുവിഭാഗം ഫണ്ട്-എസ് സി വിഭാഗം ഫണ്ട്-ഒരു ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു-തുക വക മാറ്റുന്നത് ഒഴിവാക്കാൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

PMAY, പാർപ്പിടം എന്നീ രണ്ട് ഭവനനിർമാണ പ്രോജക്റ്റുകൾക്കായി 2016-17 മുതൽ പ്രോജ്ക്റ്റുകളിൽ വകയിരുത്തി മുനിസിപ്പാലിറ്റിയുടെ ബാങ്ക് അക്കൌണ്ടിലേക്ക് (Axis bank) എസ്.സി.പി വിഭാഗം വികസനഫണ്ടിൽ നിന്നും മാറ്റിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്റ്റ് | ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | നിർവ്വഹണം |
|---|---|---|---|---|---|
| 2016-17 | | | | 21,70,000 | |

| | | | | | |
|---|---|---|---|---|---|
| | 556/17 -പി എം എ വൈ .നഗരസഭ വിഹിതം | ലഭ്യമല്ല (പ്ലാൻ സുലേഖ സോഫ്റ്റ്‌വെയർ പത്രിക പ്രകാരം) | | | സെക്രട്ടറി |
| 2017-18 | 340/18 -ഭവനനിർമാണം (ലൈഫ് മിഷൻ) | 9 | 22/3/2018 | 40,30,000 | പ്രോജക്റ്റ് ഓഫീസർ |
| | | 3 | 2/11/2017 | 30,80,000 | |
| 2018-19 | 433/19പി എം എ വൈ വിഹിതം | 2 | 4/5/2018 | 22,00,000 | സെക്രട്ടറി |
| | 54/19 പാർപ്പിടം | 6 | 8/5/18 | 50,00,000 | |
| ആകെ | | | | 1,64,80,000 | |

പൊതുവിഭാഗം ഭവന നിർമാണ പദ്ധതികളിലെ ഗുണഭോക്താക്കൾക്കുള്ള ധനസഹായവും മേൽ സൂചിപ്പിച്ച Axis ബാങ്കിന്റെ അക്കൗണ്ടിലേക്ക് തന്നെയാണ് മാറ്റിയിടുന്നത്. മേൽ ബാങ്ക് അക്കൌണ്ടിൽ പൊതു വിഭാഗം, എസ് സിവിഭാഗം ഫണ്ടുകൾ ഒരുമിച്ച് നിക്ഷേപിക്കുന്നതിനാൽ അതാത് വിഭാഗത്തിലുള്ള ഫണ്ടുകൾ വകമാറ്റിചെലവഴിക്കുന്നുണ്ടോയെന്ന് വ്യക്തമല്ല.ഓരോ വിഭാഗം ഫണ്ടും പിൻവലിക്കുന്നത് നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ എസ് സി വിഭാഗത്തിന് വേണ്ടി മാറ്റിയിട്ട തുക വകമാറ്റി ചെലവഴിച്ചിട്ടില്ല എന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.ഓരോ വിഭാഗത്തിനും വേണ്ടി ബാങ്ക് അക്കൌണ്ടിൽ നിന്നും ചെലവഴിച്ചതിന്റ കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-31 സാങ്കേതികാനുമതി ഇല്ലാതെയും കരാറിലേർപ്പെടാതെയും ഡെപ്പോസിറ്റ് വർക്ക്- നടത്തിപ്പിലെ അപാകത - 30,00,000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ്-7/19

പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ
നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

ചെലവ് വിവരങ്ങൾ

| ട്രഷറി ബിൽ നമ്പർ | തീയ്യതി | തുക | ശീർഷകം |
|---|---|---|---|
| 46 | 11/1/19 | 30,00,000 | 412100100- Capital work in progress |

മേൽ പ്രോജക്റ്റ് പ്രകാരം പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനുള്ള പ്രോജക്റ്റ് നടപ്പാക്കുന്നതിന് വേണ്ടി 30,00,000 രൂപ കേരള വാട്ടർ അതോറിറ്റി,എക്സിക്യൂട്ടീവ് എഞ്ചിനിയർ കേരള വാട്ടർ അതോറിറ്റി ,ഇരിങ്ങാലക്കുട പി എച്ച് ഡിവിഷന് നൽകിയിട്ടുണ്ട്. ആയതിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ കാണുന്നു

i. തുക നൽകുന്നതിന് മുമ്പ് കേരള വാട്ടർ അതോറിറ്റിയിൽ നിന്നുംസാങ്കേതികാനുമതി ലഭ്യമാക്കുകയോ കരാറിലേർപ്പെടുകയോ ചെയ്തില്ല.(സർക്കാർ ഉത്തരവ്(കൈ)17/18

ത.സ്വ.ഭ.വ തീ 02.02.18 ഖണ്ഡിക 11.2 (ഡി)(i)
ii.നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.കരാറിലേർപ്പെടാത്തതിനാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തനം പൂർത്തീകരിക്കുന്നതിന് മുനിസിപ്പാലിറ്റിക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിയാതെ വരുന്നു.

iii തുക നല്കിയിരിക്കുന്നത് "Advance to implimenting agencies- KWA" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടുന്നതിന് പകരം "412100100- Capital work in progress" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി .ആയത് തിരുത്തേണ്ടതാണ്.ആയത് 2019-20 സാമ്പത്തിക വർഷത്തിൽ "Advance to implimenting agencies- KWA" എന്ന ശീർഷകത്തിന് ഡെബിറ്റും "412100100- Capital work in progress" എന്ന ശീർഷകത്തിന് ക്രെഡിറ്റും നല്കി രേഖപ്പെടുത്തൽ വരുത്തി തിരുത്തേണ്ടതാണ്.
മേൽ കാരണങ്ങളാൽ പ്രവൃത്തി പൂർത്തീകരിക്കുന്നതു വരെ ചെലവു തുക 30,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(ഓഡിറ്റ് എൻകയറി 33 തീ 16/1/2019)

## 1-32 സേവനനികുതിയിനത്തിൽ പിഴ അടവാക്കിയതിനാൽ നഗരസഭക്ക് നഷ്ടം

ഫയൽനമ്പർ-R4-5999/07
സെൻട്രൽ ടാക്സ്&എക്സൈസ് അസി.കമ്മീഷണറുടെ 2012-13 മുതൽ 2015-16 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശിതവിഷയത്തിന്റെ അടിസ്ഥാനത്തിൽ വൗച്ചർ നമ്പർ 12-12/17തിയതി 4-12-17 പ്രകാരം 10,94,714/-രൂപയും വൗച്ചർ നമ്പർ 91(3) -3/19 തിയതി 18-3-19 പ്രകാരം 7,37,570/- രൂപയും അടവാക്കിയതായി കാണുന്നു.മേൽ വർഷങ്ങളിലെ വാർഷികകണക്കുകൾ പ്രകാരം നികുതി ചുമത്താവുന്ന വരവ് 3,69,63,073/- രൂപയാണ്.എന്നാൽ റിട്ടേൺ ഫയൽ ചെയ്തതിൽ 2,81,06,160/- രൂപ മാത്രമേ വരവിൽ കാണിച്ചിട്ടുള്ളൂ.സേവനനികുതി വരവിനത്തിൽ 88,56,913/-രൂപയുടെ കുറവ് കാണിച്ചതിനാൽ പിഴയിനത്തിൽ 7,37,570/- രൂപ അടവാക്കി.ടി-വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ-25/16-1-20 ന് ലഭിച്ച മറുപടി ഇപ്രകാരമായിരുന്നു.88,56,913/-രൂപ എന്നത് വാടക,ഡെപ്പോസിറ്റ്, കംഫർട്ട് സ്റ്റേഷൻ ഫീസ്,കശാപ്പുശാല പിരിവ് എന്നിവയാണ്.മേൽ ഇനങ്ങൾക്ക് സേവനനികുതി ഈടാക്കേണ്ടതില്ലെന്നും അറിവില്ലായ്മ മൂലം സേവനനികുതി ഈടാക്കിയെന്നുമാണ്.സേവനനികുതി ഈടാക്കി എന്ന കാരണത്താൽ നികുതിയും പിഴയും അടവാക്കേണ്ടതാണ് എന്നതായിരുന്നു സെൻട്രൽ ടാക്സ്&എക്സൈസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ച മറുപടി.റവന്യൂ അധികൃതരുടെ നിരുത്തരവാദപരമായ സമീപനം മൂലമാണ് നഗരസഭക്ക് ഇത്രയും നഷ്ടം സംഭവിച്ചതെന്ന് വിലയിരുത്തുന്നു.മേൽ വിഷയത്തിലേക്ക് ജനറൽ കമ്മിറ്റിയുടെയും നികുതികാര്യ കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.
നഗരസഭ വക കടമുറികളുടെയും മറ്റും ചരക്കുസേവനനികുതി ഇനത്തിൽ 2017 ജൂലായ് മുതൽ 2018 മാർച്ച് വരെ അടവാക്കിയ തുക റിട്ടേൺ ഫയൽ ചെയ്തതിൽ പിഴ ഇനത്തിൽ 28,650/-രൂപ അടവാക്കിയിട്ടുണ്ട്.(വൗച്ചർ നം 61-5/18 തിയതി 17-5-18 പ്രകാരം 20,000/- രൂപ,വൗച്ചർ നം 69-5/18 തിയതി 23-5-18 പ്രകാരം 8,650/-രൂപ ).സാംഖ്യ സോഫ്റ്റ് വെയറിലെ അപാകത മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്നായിരുന്നു ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടി. സാംഖ്യ സോഫ്റ്റ് വെയറിലെ അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ പ്രകാരം 2018-19 വർഷം അനുവദിച്ച അഡ്വാൻസുകൾ ക്രമീകരിക്കാത്തതായി കാണുന്നു.

| പേര് | ഉദ്യോഗപേര് | തുക/ തിയതി |
|---|---|---|
| കെ.എസ്.അരുൺ | മുനിസിപ്പൽ സെക്രട്ടറി | 25,000 27-7-18 |
| അജീഷ് കുമാർ പി.എ | റവന്യൂ ഇൻസ്പെക്ടർ | 10,000 3-9-18 |

മുൻകൂറുകൾ മൂന്ന് മാസത്തിനകം ക്രമീകരിക്കാത്തതിനാൽ 18% പലിശ സഹിതം തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-34 ക്രിമിറ്റോറിയം-നടപ്പിലാകാത്ത പദ്ധതി

ഫയൽ നം-PW1-4404/16,PW3-772/16,PW1-10805/11

2013-14 വാർഷികപദ്ധതിയിലുൾപ്പെടുത്തി ഗ്യാസ് ക്രിമിറ്റോറിയം നിർമ്മിക്കുന്നതിന് 44.40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി കോസ്റ്റ്ഫോർഡിനെ ഏൽപ്പിച്ചു. 16-3-2013 തിയതി കരാറിൽ ഏർപ്പെട്ട പ്രവൃത്തിക്കായി 8,00,000/-രൂപ ചെക്ക് നം 807452/4-4-2013 പ്രകാരം കോസ്റ്റ്ഫോർഡിന് കൈമാറി. എന്നാൽ പൊതുജനങ്ങ